26
2022
ജനുവരി
ബുധൻ
മകരം 12

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 227 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-227 പേജ് 4. വില 2.00 രൂപ




02 റേഷൻ കടകൾ 27 മുതൽ പൂർണ തോതിൽ പ്രവർത്തിക്കും
03 റിപ്പബ്ളിക് ദിനാഘോഷം: തിരുവനന്തപുരത്ത് ഗവർണർ പതാക ഉയർത്തും
04 റിപ്പബ്ലിക് ദിനാശംസകൾ നേർന്ന് രാഷ്ട്രപതി



# കേരളത്തിൽ രണ്ടിലൊരാൾക്ക് കോവിഡ്

## ആശങ്കവേണ്ടെന്ന് ആരോഗ്യമന്ത്രി

തിരുവനന്തപുരം: കേരളത്തിൽ കോവിഡ് പരിശോധന നടത്തുന്ന രണ്ടിൽ ഒരാൾക്ക് കോവിഡ്. ഇന്ന് 55,475 പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്. 49.4 ശതമാനമാണ് ടിപിആർ നിരക്ക്. 2030 പ്രായമുള്ളവരിലാണ് കോവിഡ് വ്യാപനം കൂടുതലായി കാണുന്നത്.

70 മരണങ്ങൾ കൂടി കോവിഡ് ബാധിച്ചാണ് സ്ഥിരീകരിച്ചു. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 84 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 52,141 ആയി.

എറണാകുളം 9405, തിരുവനന്തപുരം 8606, തൃശൂർ 5520, കൊല്ലം 4452, കോഴിക്കോട് 4432, കോട്ടയം 3672, പാലക്കാട് 3550, മലപ്പുറം 3138, കണ്ണൂർ 2578, ആലപ്പുഴ 2561, ഇടുക്കി 2452, പത്തനംതിട്ട 2311, കാസർഗോഡ് 1728, വയനാട് 1070 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.



കഴിഞ്ഞ 24 മണിക്കൂറിനിടെ 1,12,281 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,42,466 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,32,124 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 10,342 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1387 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 2,85,365 കോവിഡ് കേസുകളിൽ, 3.8 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 139 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 51,547 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 3373 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 506 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 30,226 പേർ രോഗമുക്തി നേടി. ജനുവരി 18 മുതൽ 24 വരെയുള്ള കാലയളവിൽ, ശരാശരി 2,15,059 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 0.7 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 0.4 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നതെന്ന് ആരോഗ്യ വകുപ്പ് പറയുന്നു.

അതേസമയം കേരളത്തിലെ കോവിഡ് സാഹചര്യത്തിൽ ആശങ്കയും ഭയവും വേണ്ടെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണത്തിൽ വർധനയില്ല. 57 ശതമാനം ഐസിയു ബെഡുകൾ ഒഴിവുണ്ട്. വെൻറിലേറ്റർ 86 ശതമാനം ഒഴിവുണ്ട്. മെഡിക്കൽ കോളജുകളിൽ കോവിഡ് കൺട്രോൾ റൂം പ്രവർത്തനം ആരംഭിക്കും. 4917 പേരെ പ്രതിരോധ പ്രവർത്തനത്തിന് അധികമായി നിയമിക്കും.

ആരോഗ്യ പ്രവർത്തകരിലെ കോവിഡ് വ്യാപനം തടയുന്നതിന് പ്രത്യേക സംവിധാനം ഒരുക്കും. വാക്സിനെടുക്കാൻ ബാക്കിയുള്ളവർ നിർബന്ധമായും വാക്സിനെടുക്കണം. കുട്ടികളുടെ വാക്സിനേഷനിൽ പിന്നിലുള്ള ജില്ലകൾ വാക്സിനേഷൻ ഊർജിതമാക്കണമെന്നും വീണാ ജോർജ് ആവശ്യപ്പെട്ടു.

കോവിഡ് മൂന്നാം തരംഗത്തിന്റെ തീവ്രതയെ നേരിടുന്നതിന് 'ഒമിക്രോൺ ജാഗ്രതയോടെ പ്രതിരോധം' എന്ന പേരിൽ സംസ്ഥാന ആരോഗ്യ വകുപ്പ് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നതായി വീണാ ജോർജ് പറഞ്ഞു. കോവിഡ് ബാധിതരുടെ ഗൃഹ പരിചരണം, വയോജന സംരക്ഷണവും പരിപാലനവും, കോവിഡ് കാലത്തെ കുട്ടികളുടെ പരിചരണം, സർക്കാർ കോവിഡ് പ്രതിരോധത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന വിവിധ കോവിഡ് പ്രതിരോധ, ചികിത്സാ സംവിധാനങ്ങൾ എന്നിവയെ കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനാണ് ക്യാമ്പയിൻ സംഘടിപ്പിച്ചിരിക്കുന്നത്.

ബുധനാഴ്ച വൈകുന്നേരം മൂന്നു മുതൽ പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി യൂട്യൂബിലൂടെയും മറ്റു സാമൂഹിക മാധ്യമങ്ങളിലൂടെയും പങ്കെടുക്കാം. ക്യാമ്പയിനിൽ വേുേ://്യീൗൗേ.യല/ ഐൗളആ്യേഴരിലഴ എന്ന യൂട്യൂബ് ലിങ്കിലൂടെ പങ്കെടുക്കാം.

## മുഖ്യമന്ത്രി പിണറായി വിജയന്റെ റിപ്പബ്ലിക് ദിനാശംസ

ഇന്ത്യയെന്ന ലോകത്തേറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ സത്ത കുടികൊള്ളുന്ന നമ്മുടെ ഭരണഘടന നിലവിൽ വന്നിട്ട് ഇന്നേക്ക് 73 വർഷം തികയുകയാണ്. ഡോ. ബി.ആർ അംബേദ്കർ അഭിപ്രായപ്പെട്ടതു പോലെ: 'ഭരണഘടന കേവലം ഒരു നിയമ പുസ്തകമല്ല. ജീവിതത്തിന്റെ ചാലകശക്തിയാണ്. അതിൽ തുടിക്കുന്നത് ഒരു കാലഘട്ടത്തിന്റെ ആത്മാവാണ്'. മറ്റൊരു രാജ്യത്തും കാണാനാകാത്ത വിധം വിപുലമായ സാംസ്കാരിക വൈവിധ്യമുണ്ടായിട്ടും ഇന്ത്യയെന്ന ആശയത്തെ മൂർത്തവൽക്കരിക്കുന്നത് ഭരണഘടനയാണ്.

അതിവിശാലമായ ഈ ഭൂപ്രദേശത്തിലെ അന്തേവാസികളെ ഒരു മാലയിലെന്നപോൽ കോർത്തിട്ട പട്ടുനൂലാണ് ഭരണഘടന. അതിന്റെ അന്തഃസത്തയെ തകർക്കാൻ ശക്തമായ ശ്രമങ്ങളാണ് വിഭാഗീയതയിൽ വേരുകളാഴ്ത്തി വളരുന്ന വർഗീയ രാഷ്ട്രീയം ഇന്നു നടത്തി വരുന്നത്. ഫെഡറലിസത്തെ ദുർബലപ്പെടുത്തി സംസ്ഥാനങ്ങളുടെ അധികാരം കവരാൻ നോക്കുകയാണ്. മതേതരത്വത്തിൽ അധിഷ്ഠിതമായ രാഷ്ട്രസങ്കല്പത്തെ തകർത്ത്, അതിനെ ഭൂരിപക്ഷമതത്തിൽ ചേർത്തു വയ്ക്കുകയാണ്. ജനാധിപത്യത്തിന്റെ അർത്ഥം തന്നെ പതുക്കെ ചോർത്തുകയാണ്.


ഈ വിപത്തുകൾക്കെതിരെ ഒത്തൊരുമിച്ചുള്ള പോരാട്ടം ജനാധിപത്യവിശ്വാസികളിൽ നിന്നും കരുത്തോടെ ഉയർന്നു വരേണ്ടതുണ്ട്. ഭരണഘടനയുടെ അന്ത:സത്ത നഷ്ടപ്പെട്ടു പോകാതെ കാത്തുസൂക്ഷിക്കുമെന്ന് ഈ റിപ്പബ്ളിക് ദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം.

കോവിഡ് മഹാമാരിയേൽപ്പിച്ച ആഘാതങ്ങളിൽ നിന്നും മുക്തി നേടി നമ്മുടെ സംസ്ഥാനം പുരോഗതിയുടെ പാതയിൽ കൂടുതൽ വേഗത്തിൽ കുതിക്കേണ്ട ഈ ഘട്ടത്തിൽ അത്തരത്തിലുള്ള ഐക്യമനോഭാവം കൂടുതൽ പ്രസക്തമാവുകയാണ്. നാടിന്റെ പുരോഗതിക്കായി കൈകോർത്തു നിൽക്കേണ്ട സമയമാണിത്. ആ ഐക്യത്തിനും പുരോഗതിയുടെ പാതയ്ക്കും തുരങ്കം വയ്ക്കുന്ന വിധ്വംസക ശക്തികളെ തിരിച്ചറിയാനും പരാജയപ്പെടുത്താനും കേരള ജനത ഒറ്റക്കെട്ടായി നിൽക്കുമെന്ന് പൂർണ്ണവിശ്വാസമുണ്ട്. എല്ലാ കുപ്രചാരണങ്ങളെയും തള്ളിക്കളയാനും വ്യാജ പ്രചാരകർക്കും സങ്കുചിത താൽപര്യക്കാർക്കും അർഹിക്കുന്ന മറുപടി നൽകാനുമുള്ള ആർജവം കേരളത്തിലെ ജനങ്ങൾക്കുണ്ട്. വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാവരിലും എത്തുമെന്നുറപ്പാക്കേണ്ടതുണ്ട്. അതിനാൽ സാമൂഹിക ഉച്ചനീചത്വങ്ങൾക്ക് അന്ത്യം കുറിക്കാൻ പറ്റാത്ത കാലത്തോളം രാജ്യത്തിന്റെ ഭരണഘടന അതിന്റെ പൂർണ്ണ അർഥത്തിൽ പ്രായോഗികവൽക്കരിക്കപ്പെടുകയില്ല എന്ന യാഥാർഥ്യം മനസ്സിലാക്കി സ്വാതന്ത്ര്യവും സാഹോദര്യവും സമത്വവും കളിയാടുന്ന ഇന്ത്യയ്ക്കായി കൈകോർത്തു മുന്നേറാം. ഏവർക്കും ഹൃദയപൂർവ്വം റിപ്പബ്ളിക് ദിന ആശംസകൾ.

## എം. ശ്രീജിത്തിന് ശൗര്യചക്ര പുരസ്കാരം നീരജ് ചോപ്രക്ക് പരം വിശിഷ്ട സേവാ മെഡൽ

ന്യൂഡൽഹി: കാഷ്മീരിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ വീരമൃത്യു വരിച്ച മലയാളി ജവാൻ നായിബ് സുബേദാർ എം. ശ്രീജിത്തിന് ശൗര്യചക്ര പുരസ്കാരം. എം. ശ്രീജിത്ത് അടക്കം 12 പേർക്ക് ശൗര്യചക്ര പുരസ്കാരം നൽകും. ഒളിംപിക് സ്വർണ മെഡൽ ജേതാവ് നീരജ് ചോപ്രക്ക് രാഷ്ട്രപതിയുടെ പരം വിശിഷ്ട സേവാ മെഡൽ നൽകി ആദരിക്കും.

മലയാളിയായ ശരത് ആർ ആറിന് രാഷ്ട്രപതിയുടെ സർവോത്തം ജീവൻ രക്ഷാ പതക്ക് നൽകി ആദരിക്കും. ജീവൻ രക്ഷാ പതക്ക് പുരസ്കാരം മൂന്ന് മലയാളികൾക്കാണ് ലഭിച്ചിരിക്കുന്നത്. ജോഷി ജോസഫ്, പി. മുരളീധരൻ, റിജിൻ രാജ് എന്നിവർക്കാണ് ജീവൻ രക്ഷാ പതക്ക് പുരസ്കാരം.



29 പരംവിശിഷ്ട സേവാ മെഡലുകൾ, നാല് ഉത്തം യുദ്ധ സേവാ മെഡലുകൾ, 53 അതിവിശിഷ്ട സേവാ മെഡലുകൾ, 13 യുദ്ധസേവാ മെഡലുകൾ, മൂന്ന് വിശിഷ്ട സേവാ മെഡലുകൾ, 51 ജീവൻ രക്ഷാ പതക്ക്, അഞ്ച് പേർക്ക് സർവോത്തം ജീവൻ രക്ഷാ പതക്ക്, 14 പേർക്ക് ഉത്തരം ജീവൻ രക്ഷാ പതക്ക്, 29 പേർക്ക് ജീവൻ രക്ഷാ പതക്ക് എന്നിങ്ങനെയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. 384 പ്രതിരോധ ഉദ്യോഗസ്ഥർക്കാണ് പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നത്.

## രണ്ടാഴ്ചയ്ക്കകം രണ്ടരക്കോടി നൽകിയില്ലെങ്കിൽ കപ്പൽ ലേലം ചെയ്യും

കൊച്ചി: പാതിരാത്രിയിൽ സിറ്റിംഗ് നടത്തി കേരള ഹൈക്കോടതി. കൊച്ചി തുറമുഖത്തുള്ള എം.വി. ഓഷ്യൻ റേസ് എന്ന ചരക്കു കപ്പലുമായി ബന്ധപ്പെട്ട കേസിലാണ് രാത്രിയിൽ ഹൈക്കോടതി സിറ്റിംഗ് നടത്തിയത്.

ഹർജി കേട്ട കോടതി കപ്പൽ തീരം വിടുന്നതു തടഞ്ഞു. ഹൈക്കോടതിയുടെ ചരിത്രത്തിൽ ഇത് ആദ്യമായാണ് രാത്രിയിൽ സിറ്റിംഗ് നടത്തുന്നത്. രാത്രി 11.45ന് ആരംഭിച്ച സിറ്റിംഗ് പുലർച്ചെ 12.45നാണ് അവസാനിച്ചത്.



കൊച്ചി തുറമുഖത്തു നങ്കൂരമിട്ടിരിക്കുന്ന എംവി ഓഷ്യൻ റേസ് എന്ന കപ്പൽ ഇന്നു കൊച്ചി തീരം വിടാനിരിക്കെയാണ് കോടതി നടപടി സ്വീകരിച്ചത്. കപ്പലിനു വെള്ളം നൽകിയ കൊച്ചിയിലെ ഒരു കമ്പനി കപ്പലിൻറെ യാത്ര തടയണമെന്ന് ആവശ്യപ്പെട്ടു ഹർജി നൽകിയിരുന്നു.

കപ്പലിനു വെള്ളം നൽകിയ കമ്പനിക്ക് ഉടൻ രണ്ടരക്കോടി നൽകണമെന്ന് സിറ്റിംഗിൽ ഉത്തരവായി. തുക നൽകിയില്ലെങ്കിൽ രണ്ടാഴ്ചയ്ക്കകം എംവി ഓഷ്യൻ റേസ് ഹർജിക്കാരനു ലേലം ചെയ്യാം.

ജസ്റ്റീസ് ദേവൻ രാമചന്ദ്രനാണ് ഈ ഉത്തരവിട്ടത്. അർധരാത്രിയിൽ നടന്ന ഓൺലൈൻ സിറ്റിംഗ് ഒരു മണിക്കൂറോളം നീണ്ടു. കപ്പലിൻറെ യാത്ര തടയാനുള്ള നടപടി സ്വീകരിക്കാൻ പോർട്ട് ട്രസ്റ്റിനു നിർദേശം നൽകി.

## പത്മശ്രീയിൽ തിളങ്ങി മലയാളികൾ

### ബിപിൻ റാവത്തിന് പത്മവിഭൂഷൺ; ഗുലാം നബി ആസാദിന് പത്മഭൂഷൺ

ന്യൂഡൽഹി: നാല് മലയാളികൾക്ക് പത്മശ്രീ പുരസ്കാരം. ശങ്കര നാരായണ മേനോൻ ചുണ്ടയിൽ(കായികം), ഡോ. ശോശമ്മ ഐപ്പ്(മൃഗസംരക്ഷണം), കവി പി. നാരായണ കുറുപ്പ്(സാഹിത്യം), സാമൂഹിക പ്രവർത്തക കെ വി. റാബിയ(സാമൂഹിക സേവനം) എന്നിവർക്കാണ് പത്മശ്രീ ലഭിച്ചത്.

അതേസമയം, തമിഴ്നാട്ടിലെ കുനൂരിൽ ഹെലികോപ്റ്റർ അപകടത്തിൽ മരിച്ച സംയുക്ത സൈനിക മേധാവി ബിപിൻ റാവത്തിന് പത്മവിഭൂഷൺ. മരണാനന്തര ബഹുമതിയാണിത്.

മുതിർന്ന കോൺഗ്രസ് നേതാവ് ഗുലാം നബി ആസാദ് ഉൾപ്പെടെ 17 പേരാണ് പത്മഭൂഷണിന് അർഹരായത്. മൂന്നാമത്തെ പരമോന്നത പുരസ്കാരമാണ് പത്മഭൂഷൺ.

അന്തരിച്ച സൈനിക മേധാവി ബിപിൻ റാവത്തിന് പത്മവിഭൂഷൺ. മരണാനന്തര ബഹുമതിയായാണ് പത്മവിഭൂഷൺ അവാർഡ്. പ്രഭാ അത്രെ (കല), രാധേശ്യാം ഖെംക( സാഹിത്യം), കല്യാൺ സിംഗ് (പൊതുപ്രവർത്തനം) എന്നിവർക്കും പത്മവിഭൂഷൺ ലഭിച്ചു.

മുതിർന്ന കോൺഗ്രസ് നേതാവ് ഗുലാം നബി ആസാദ് ഉൾപ്പെടെ 17 പേർ പത്മഭൂഷണിന് അർഹരായി. മുതിർന്ന സിപിഎം നേതാവ് ബുദ്ധദേവ് ഭട്ടാചാര്യ, ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ, മൈക്രോസോഫ്റ്റ് സിഇഒ സത്യം നദല്ല, സൈറസ് പൂനാവാല തുടങ്ങിയവർക്കാണ് പത്മഭൂഷൺ പുരസ്കാരം ലഭിച്ചത്.

നാല് മലയാളികൾ പദ്മശ്രീയ്ക്ക് അർഹരായി. ശോശാമ്മ ഐപ്പ് (കൃഷി, മൃഗസംരക്ഷണം), ശങ്കരനാരായണ മേനോൻ ചുണ്ടയിൽ (കായികം), പി.നാരായണകുറുപ്പ് (സാഹിത്യം, വിദ്യാഭ്യാസം), കെ.വി. റബിയ (സാമൂഹികസേവനം).

അത്ലിറ്റ് നീരജ് ചോപ്ര, ഗായകൻ സോനു നിഗം എന്നിവരടക്കം 107 പേർക്കാണ് പത്മശ്രീ അവാർഡ് ലഭിച്ചത്.



കൊല്ലം കലക്ട്രേറ്റിൽ ഓൺലൈനായി നടത്തിയ സമ്മതിദായക ദിനാഘോഷത്തിൽ നിന്ന്

## റേഷൻ കാർഡ് ആധാർ ലിങ്കിങ്: റേഷൻ കടകളിൽ പരിശോധന

എൻ.എഫ്.എസ്.എ. റേഷൻ കാർഡുകളിൽ ഉൾപ്പെട്ട അംഗങ്ങളുടെ ആധാർ നമ്പർ റേഷൻ കാർഡുകളുമായി ലിങ്ക് ചെയ്യുന്നതു സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടറുടെ നേതൃത്വത്തിൽ തിരുവനന്തപുരം താലൂക്കിലെ വിവിധ റേഷൻ കടകളിൽ പരിശോധന നടത്തി. ആധാർ ലിങ്കിങ്ങിൽ 100 ശതമാനം ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു പരിശോധന.

പരിശോധനയിൽ 230ാം നമ്പർ റേഷൻ ഡിപ്പോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് എ.എ.വൈ. കാർഡുകുകളിൽ ആധാർ ലിങ്ക് ചെയ്തിട്ടില്ലെന്നു കണ്ടെത്തി. ഇതു സംബന്ധിച്ച് അന്വേഷിച്ച് തുടർ നടപടി സ്വീകരിക്കാൻ താലൂക്ക് സപ്ലൈ ഓഫിസർക്കു നിർദേശം നൽകി. ഒരു അംഗവും രണ്ട് അംഗങ്ങളും മാത്രുള്ള എൻ.എഫ്.എസ്.എ. റേഷൻ കാർഡുകളുടെ ആധാർ ലിങ്കിങ് ഫെബ്രുവരി 15നകം പൂർത്തിയാക്കുമെന്നും സിവിൽ സപ്ലൈസ് ഡയറക്ടർ അറിയിച്ചു.

## അക്കാഡമിക് അസിസ്റ്റന്റ് നിയമനം

ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസിന്റെ (കിറ്റ്സ്) ഹെഡ് ഓഫീസിൽ അക്കാഡമിക് അസിസ്റ്റന്റിന്റെ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

60 ശതമാനം മാർക്കോടെ എം.കോം (റഗുലർ) പാസായിരിക്കണം. 01.01.2022ൽ 36 വയസ് കവിയാൻ പാടില്ല. (നെറ്റ് യോഗ്യതയുള്ളവർക്കും, യു.ജി./പി.ജി. ക്ലാസ്സുകളിൽ അധ്യാപന പരിചയമുള്ളവർക്കും മുൻഗണന). 15,000 രൂപയാണ് പ്രതിമാസ വേതനം. ഡയറക്ടർ കിറ്റ്സിന്റെ പേരിൽ മാറാവുന്ന 500 രൂപയുടെ ഡി.ഡി സഹിതം ഡയറക്ടർ, കിറ്റ്സ്, തൈക്കാട്, തിരുവനന്തപുരം 14 എന്ന വിലാസത്തിൽ ഫെബ്രുവരി ഒന്നിന് മുമ്പ് അയയ്ക്കണം. വിശദ വിവരങ്ങൾക്ക്: 0471 2329539, 2329468.

## വെബിനാർ 27ന്

ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസിന്റെ തിരുവനന്തപുരം മേഖലാ ഓഫിസ് സംഘടിപ്പിക്കുന്ന വെബിനാർ 27ന്. നാഷണൽ ടൈം യൂസ് സർവെയുമായി ബന്ധപ്പെട്ടു സംഘടിപ്പിക്കുന്ന സെമിനാർ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. സുനിൽ മണി ഉദ്ഘാടനം ചെയ്യും. 27നു രാവിലെ 9.45നു വെബിനാർ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471 2481744.

## ടാലൻറ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ്: അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു

സംഗീതം, നൃത്തം, ചിത്രരചന, പെയിൻറിംഗ്, വീഡിയോഗ്രഫി, മിമിക്രി എന്നീമേഖലകളിൽ കഴിവു തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരായ യുവാക്കൾക്ക് അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പാക്കിവരുന്ന ടാലൻറ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് പരിപാടിയിലേക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 10 വരെ ദീർഘിപ്പിച്ചു. കേരള സാമൂഹ്യ സുരക്ഷാ മിഷനും സാമൂഹ്യനീതി വകുപ്പും കേരള ഡെവലപ്പ്മെൻറ് & ഇന്നവേഷൻ സ്ട്രാറ്റെജിക് കൗൺസിലും (കെഡിസ്ക്) സംയുക്തമായാണ് പരിപാടി നടപ്പിലാക്കിവരുന്നത്. 15 നും 40 നും മധ്യേ പ്രായമുള്ള ഭിന്നശേഷിക്കാരായിരിക്കണം അപേക്ഷകർ. അപേക്ഷയോടൊപ്പം പ്രാഗത്ഭ്യമുള്ള മേഖലകളിൽ കഴിവ് തെളിയിച്ചതിനുള്ള രേഖകളും, പ്രായം, ഭിന്നശേഷിയുടെ ശതമാനം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളും സമർപ്പിക്കേണ്ടതാണ്. ഒരു അപേക്ഷകന് പരമാവധി രണ്ടു മേഖലകളിൽ മാത്രമേ അപേക്ഷ സമർപ്പിക്കാവൂ. 2019 20 ൽ നടത്തിയ ടാലൻറ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് പരിപാടിയിൽ പങ്കെടുത്തവർ അപേക്ഷിക്കേണ്ടതില്ല. അപേക്ഷകർ നേരിട്ടോ, രക്ഷിതാക്കൾ, ലീഗൽ ഗാർഡിയൻ, അധ്യാപകർ, കെയർ ടേക്കർമാർ തുടങ്ങിയവർ മുഖാന്തിരമോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ, സാമൂഹ്യ നീതി വകുപ്പ്, കേരള ഡെവലപ്പ്മെൻറ് & ഇന്നവേഷൻ സ്ട്രാറ്റെജിക് കൗൺസിൽ (കെഡിസ്ക്), കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻറ് കോഗ്നിറ്റീവ് ന്യൂറോ സയൻസസ് എന്നിവയുടെ ഔദ്യോഗിക വെബ് സൈറ്റുകളിൽ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള

യശ.ഹ്യ/ൃശുഥ എന്ന ലിങ്ക് ലഭ്യമാണ്. സമർപ്പിക്കുന്ന രേഖകളുടേയും ഓഡിഷൻറെയും അടിസ്ഥാനത്തിലായിരിക്കും അർഹരായവരെ തെരഞ്ഞെടുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് അനുയാത്ര കാൾ സെൻററുമായി 1800 1201001 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## റിപ്പബ്ലിക് ദിനാഘോഷം: കർശന കോവിഡ് പ്രോട്ടോക്കോൾ പാലിക്കാൻ നിർദേശം



കോവിഡ് വ്യാപനം കണക്കിലെടുത്ത് ഇത്തവണത്തെ റിപ്പബ്ലിക് ദിനാഘോഷ ചടങ്ങുകളിൽ കർശന കോവിഡ് മാനദണ്ഡങ്ങൾ പാലിക്കണമെന്നു നിർദേശം. ആഘോഷ പരിപാടികളിൽ ആൾക്കൂട്ടം ഒഴിവാക്കണമെന്നും പങ്കെടുക്കുന്നവരെല്ലാവരും നിർബന്ധമായും മാസ്ക് ധരിക്കുകയും, സാനിറ്റൈസേഷൻ, സാമൂഹിക അകലം എന്നിവ കൃത്യമായി പാലിക്കുകയും ചെയ്യണമെന്ന് നിർദേശിച്ചു.

പൊതുഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷത്തിൽ നാളെ (26 ജനുവരി) രാവിലെ ഒമ്പതിനു ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ദേശീയ പതാക ഉയർത്തും. വിവിധ സേനാ വിഭാഗങ്ങളുടേയും എൻ.സി.സിയുടേയും അഭിവാദ്യം ഗവർണർ സ്വീകരിക്കും. തുടർന്നു റിപ്പബ്ലിക് ദിന സന്ദേശം നൽകും. വായൂ സേന ഹെലികോപ്റ്ററിൽ പുഷ്പവൃഷ്ടി നടത്തും.

ംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽ ക്ഷണിക്കപ്പെട്ടവരുടെ എണ്ണം നൂറിൽ കൂടരുതെന്നു സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ രാവിലെ ഒമ്പതിനു ശേഷം നടക്കുന്ന ചടങ്ങിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തും. പരമാവധി അമ്പതു പേരെ മാത്രമേ ഈ ചടങ്ങുകളിൽ പങ്കെടുപ്പിക്കാവൂ.

സബ് ഡിവിഷണൽ, ബ്ലോക്ക് തലത്തിൽ നടക്കുന്ന പരിപാടിയിലും ക്ഷണിതാക്കളുടെ എണ്ണം 50ൽ കൂടാൻ പാടില്ല. പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിലെ പരിപാടിക്ക് 25 പേരിൽ കൂടുതൽ അധികരിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദേശിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിലും മറ്റ് ഓഫിസുകളിലും റിപ്പബ്ലിക് ദിനാഘോഷ പരിപാടി സംഘടിപ്പിക്കുമ്പോഴും 25 പേരിൽ അധികരിക്കരുത്.

കോവിഡ് കണക്കിലെടുത്ത് ആഘോഷ പരിപാടികളിൽ പൊതുജനങ്ങൾ, കുട്ടികൾ, മുതിർന്ന പൗര ാർ എന്നിവർക്കു പ്രവേശനമുണ്ടാകില്ല. പരിപാടികൾ നടക്കുന്ന സ്ഥലങ്ങളിലേക്കുള്ള പ്രവേശന കവാടങ്ങളിൽ തെർമൽ സ്കാനിങ് സൗകര്യം ഏർപ്പെടുത്തണം.

ആഘോഷ പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്നും പ്ലാസ്റ്റിക് കൊണ്ടു നിർമിച്ച ദേശീയ പതാകയുടെ നിർമാണം, വിതരണം, വിൽപ്പന, ഉപയോഗം എന്നിവ സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ളതായും സർക്കുലറിൽ പറയുന്നു.

## 2022 ലെ റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഭാഗമായി തിരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് രാഷ്ട്രപതിയുടെ മെഡൽ

അഗ്നിശമന സേന, ഹോംഗാർഡ്, സിവിൽ ഡിഫൻസ് എന്നിവയിലെ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് ധീരത, വിശിഷ്ട സേവനം, സ്തുത്യർഹ സേവനം എന്നിവയ്ക്കുള്ള രാഷ്ട്രപതിയുടെ മെഡലുകൾ എല്ലാവർഷത്തെയും സ്വാതന്ത്ര്യ ദിനത്തിലും റിപ്പബ്ലിക് ദിനത്തിലും സമ്മാനിക്കാറുണ്ട്.

2022 ലെ റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി 42 വ്യക്തികൾക്കാണ് അഗ്നിശമന സേവന മെഡലുകൾ ലഭിച്ചത്.

ഇതിൽ രാഷ്ട്രപതിയുടെ ധീരതയ്ക്കുള്ള അഗ്നി ശമന സേവന മെഡൽ ഒരു വ്യക്തിക്കും, ധീരതയ്ക്കുള്ള ഫയർ സർവീസ് മെഡൽ മറ്റ് രണ്ടു പേർക്കും തങ്ങളുടെ ധീരത, ശൗര്യം എന്നിവ പരിഗണിച്ച് നൽകി.

അതിവിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ ഫയർ സർവീസ് മെഡൽ ഒൻപതു പേർക്കും, സ്തുത്യർഹ സേവനത്തിനുള്ള മെഡൽ 30 പേർക്കും, തങ്ങളുടെ മികച്ച സേവനങ്ങളെ അടിസ്ഥാനമാക്കി നൽകി.

കൂടാതെ 25 വ്യക്തികൾ/വോളണ്ടിയർമാർ എന്നിവർക്ക് ഹോംഗാർഡ് & സിവിൽ ഡിഫൻസ് മെഡലുകളും പ്രഖ്യാപിച്ചു. ഇതിൽ ഹോം ഗാർഡുകൾ, സിവിൽ ഡിഫൻസ് അംഗങ്ങൾ എന്നിവർക്കായുള്ള രാഷ്ട്രപതിയുടെ മെഡലുകളിൽ രണ്ടു പേർക്ക് അതിവിശിഷ്ട സേവനത്തിനും, 33 പേർക്ക് സ്തുത്യർഹ സേവനത്തിനുമുള്ള മെഡലുകൾ ലഭിച്ചു.

കേരളത്തിൽ നിന്നും അതിവിശിഷ്ടസേവനത്തിനുള്ള രാഷ്ട്രപതിയുടെ ഫയർ സർവീസ് മെഡലുകൾ ലഭിച്ചത് സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർമാരായ ശ്രീ വിനോദ് കുമാർ ടി., ശ്രീ സതേ കുമാർ എ. എന്നിവർക്കാണ്.

ശ്രീ അശോകൻ കെ. വി. (സ്റ്റേഷൻ ഓഫീസർ), ശ്രീ സനിലാൽ എസ്. (സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ), ശ്രീ രാമൻ കുട്ടി പി. കെ. (ഫയർ & റെസ്ക്യൂ ഓഫീസർ) എന്നിവർക്കാണ് കേരളത്തിൽ നിന്നും സ്തൃുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ ഫയർ സർവീസ് മെഡലുകൾ ലഭിച്ചത്.

## ചരക്ക് സേവന നികുതി വകുപ്പിൽ സമ്പൂർണ ഇഓഫീസ് നിലവിൽവന്നു

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ മുഴുവൻ ഓഫിസുകളിലെയും ഫയൽ നീക്കം ഓൺലൈനാക്കി ഇ ഓഫിസ് സംവിധാനം നിലവിൽ വന്നു.2021 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാന ധനകാര്യ മന്ത്രി വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇഓഫീസ് സംവിധാനം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. വകുപ്പിന്റെ കീഴിലുള്ള 220 ഓഫിസുകളിലും ഇ ഓഫിസ് സംവിധാനം നിലവിൽ വന്നതോടെ വകുപ്പിലെ ഫയൽ നീക്കം പൂർണ്ണമായും ഇ ഓഫിസ് വഴിയാകും.

ഇതോടെ വകുപ്പിലെ വിവിധ ഓഫീസുകളിൽ നടക്കുന്ന നടപടിക്രമങ്ങൾ പൂർണമായി ഡിജിറ്റൽ ആയി മാറുന്നത് കൂടാതെ ഓഫീസുകൾക്കിടയിലെ ഫയൽ നീക്കവും ഓൺലൈനായി മാറുകയാണ്. താഴെ തട്ടിൽ ഉള്ള സർക്കിൾ ഓഫീസ് മുതൽ ജില്ലാ ഓഫീസ്, സംസ്ഥാനതല കമ്മീഷണറേറ്റ്, സെക്രട്ടേറിയറ്റ്, ധനകാര്യ വകുപ്പ് മന്ത്രിയുടെ ഓഫീസ് വരെയുള്ള ഫയൽ നീക്കം ഇ ഫയൽ വഴി ആകും.

ഫയലുകളിൽ വേഗത്തിൽ തീരുമാനങ്ങൾ എടുക്കാനും മറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുന്നതിനും സാധിക്കും . സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ആസ്ഥാനത്ത് 2015 ൽ തന്നെ ഇ ഓഫിസ് സംവിധാനം നടപ്പിലാക്കിയിരുന്നു. വകുപ്പിലെ ഫയൽ നീക്കം പൂർണ്ണമായും ഇ ഓഫിസിലേക്ക് മാറ്റുന്നതിന്റെ ആദ്യ പടിയായി 2020 ജനുവരിയിൽ തന്നെ ജില്ലാതല നികുതി ഓഫീസുകൾ ഓണലൈൻ ആക്കി. ഇപ്പോൾ സർക്കിൾ ഓഫീസുകൾ കൂടി ഓൺലൈൻ ആയതോടെയാണ് വകുപ്പിലെ ഇ ഓഫിസ് നടപ്പാക്കൽ പൂർണ്ണമായത്. നിലവിൽ നികുതി സേവനങ്ങൾ പൂർണമായും ഓൺലൈനിൽ നൽകുന്ന വകുപ്പിലെ മറ്റ് ഫയൽ നടപടിക്രമങ്ങൾ കൂടി ഓൺലൈൻ ആയതോടെ പേപ്പർ രഹിത സമ്പൂർണ ഡിജിറ്റൽ ഓഫീസ് എന്ന ആശയമാണ് യാഥാർഥ്യമായത്. എൻ .ഐ .സി വികസിപ്പിച്ച ഇ ഓഫിസ് സോഫ്റ്റ്വെയർ, കേരളാ ഐ. ടി മിഷൻ മുഖേനയാണ് വകുപ്പിൽ നടപ്പാക്കിയത്. സമ്പൂർണമായി ഫയൽ നീക്കം ഇഓഫീസിലൂടെ ആകുന്നതിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മിഷണർ അറിയിച്ചു.

## 'ഒമിക്രോൺ ജാഗ്രതയോടെ പ്രതിരോധം' പ്രത്യേക ക്യാമ്പയിനുമായി ആരോഗ്യ വകുപ്പ്

കോവിഡ് മൂന്നാം തരംഗത്തിന്റെ തീവ്രതയെ നേരിടുന്നതിന് 'ഒമിക്രോൺ ജാഗ്രതയോടെ പ്രതിരോധം' എന്ന പേരിൽ സംസ്ഥാന ആരോഗ്യ വകുപ്പ് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോവിഡ് ബാധിതരുടെ ഗൃഹ പരിചരണം, വയോജന സംരക്ഷണവും പരിപാലനവും, കോവിഡ് കാലത്തെ കുട്ടികളുടെ പരിചരണം, സർക്കാർ കോവിഡ് പ്രതിരോധത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന വിവിധ കോവിഡ് പ്രതിരോധ, ചികിത്സാ സംവിധാനങ്ങൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനാണ് ക്യാമ്പയിൻ സംഘടിപ്പിച്ചിരിക്കുന്നത്.

എല്ലാവരും ഇതിൽ പങ്കെടുത്ത് ഈ ക്യാമ്പയിൻ വിജയിപ്പിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. എല്ലാവർക്കും ഒരു പോലെ പ്രയോജനകരമായ രീതിയിൽ ഓൺലൈൻ ആയാണ് സെഷനുകൾ ക്രമീകരിച്ചരിക്കുന്നത്. ജനുവരി 26 ബുധനാഴ്ച വൈകുന്നേരം 3 മണി മുതൽ പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി യൂട്യൂബിലൂടെയും മറ്റു സാമൂഹിക മാധ്യമങ്ങളിലൂടെയും ഇതിൽ പങ്കെടുക്കാം.

ഈ ക്യാമ്പയിനിൽ vttps://youtu.be/sFuftBgcneg എന്ന യൂട്യൂബ് ലിങ്കിലൂടെ പങ്കെടുക്കാം. വയോജന സംരക്ഷണം പരിചരണം, ഗൃഹ പരിചരണം, കുട്ടികളുടെ പരിചരണം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് അവബോധ പരിപാടി. ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. ബിപിൻ ഗോപാൽ, കൊല്ലം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. പി.എസ്. ഇന്ദു, തിരുവനന്തപുരം മെഡിക്കൽ കോളേജ് ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗം മേധാവി ഡോ. അരവിന്ദ്, പീഡിയാട്രിക്സ് വിഭാഗം അസോ. പ്രൊഫസർ ഡോ. ഷീജ സുഗുണൻ, കോഴിക്കോട് മെഡിക്കൽ കോളേജ് എമർജൻസി വിഭാഗം മേധാവി ഡോ. ചാന്ദിനി എന്നിവർ ക്ലാസുകളെടുക്കും.

### പബ്ലിക് ഹിയറിങ് മാറ്റി

ആറ്റുകാൽ അപ്രോച്ച് റോഡ് നിർമാണവുമായി ബന്ധപ്പെട്ട സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ ഭാഗമായി നാളെ (ജനുവരി 27) ആറ്റുകാൽ ക്ഷേത്രത്തിനു സമീപമുള്ള വിശ്രമ സങ്കേതത്തിൽ നടത്താനിരുന്ന പബ്ലിക് ഹിയറിങ് കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ മാറ്റി വച്ചു.

പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## ലാബ് ടെക്നീഷ്യൻ വാക് ഇൻ ഇന്റർവ്യൂ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദിവസവേതന അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിയമനം നടത്തുന്നതിന് 29 ന് വാക് ഇൻ ഇന്റർവ്യൂ നടത്തും. ബി.എസ്സി എം.എൽ.ടി അല്ലെങ്കിൽ ഡി.എം.എൽ.ടി / എം.എസ്സി മൈക്രോബയോളജിയാണ് യോഗ്യത. കോവിഡ് ബ്രിഗേഡ് മുഖാന്തിരം ജോലിചെയ്തവർക്ക് മുൻഗണന. താല്പര്യമുള്ളവർ രാവിലെ 10 നകം ജില്ലാ മെഡിക്കൽ ഓഫീസിലെ ന്യൂട്രീഷ്യൻ ഹാളിൽ റിപ്പോർട്ട് ചെയ്യണം.

## റേഷൻ കടകൾ 27 മുതൽ പൂർണ തോതിൽ പ്രവർത്തിക്കും

റേഷൻ കടകളുടെ പ്രവർത്തന സമയത്തിൽ ഏർപ്പെടുത്തിയിരുന്ന ക്രമീകരണം പിൻവലിച്ചു. ജനുവരി 27 മുതൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും രാവിലെ 8.30 മുതൽ 12.30 വരെയും വൈകിട്ടു മൂന്നു മുതൽ 6.30 വരെയും പ്രവർത്തിക്കുമെന്നു ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ അറിയിച്ചു. റേഷൻ കടകളുടെ പ്രവർത്തന സമയം പകുതി ജില്ലകൾ വീതം ക്രമീകരിച്ചിരുന്നെങ്കിലും റേഷൻ വിതരണത്തെ ഇത് ഒരു തരത്തിലും ബാധിച്ചില്ലെന്നു മന്ത്രി ചൂണ്ടിക്കാട്ടി. ഈ മാസം ഇന്നലെ (ജനുവരി 25) വരെ 50,62,323 പേർ(55.13 ശതമാനം) റേഷൻ കൈപ്പറ്റി. ഇന്നലെ മാത്രം വൈകിട്ട് 6.30 വരെ 4,46,440 പേർ റേഷൻ വാങ്ങി. കഴിഞ്ഞ മാസം 25 വരെ 52 ശതമാനം കാർഡ് ഉടമകളാണു റേഷൻ കൈപ്പറ്റിയിരുന്നത്. റേഷൻ സമയം പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടു മന്ത്രിയുടെ അധ്യക്ഷതയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടേയും സാങ്കേതിക വിദഗ്ധരുടേയും യോഗം ഓൺലൈനായി ചേർന്നു. റേഷൻ വിതരണവുമായി ബന്ധപ്പെട്ട സാങ്കേതിക സംവിധാനങ്ങൾക്കു നിലവിൽ യാതൊരു തകരാറുകളും ഇല്ലെന്നും റേഷൻ വിതരണത്തിന് ഏർപ്പെടുത്തിയിരുന്ന സമയ ക്രമീകരണം തുടരേണ്ടതില്ലെന്നും യോഗത്തിൽ സാങ്കേതിക വിദഗ്ധർ അഭിപ്രായപ്പെട്ടു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അഡിഷണൽ ഡയറക്ടർ ടിക്കാറാം മീണ, സിവിൽ സപ്ലൈസ് ഡയറക്ടർ ഡോ. ഡി. സജിത് ബാബു, ഐ.ടി. മിഷൻ ഡയറക്ടർ സ്നേഹിൽ കുമാർ സിങ്, എൻ.ഐ.സി. ഹൈദരാബാദിന്റെ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## എൽ. ബി. എസ് സെന്ററിൽ തൊഴിൽ അധിഷ്ഠിത കോഴ്സുകൾ

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ തിരുവനന്തപുരം കേന്ദ്രത്തിലും സംസ്ഥാനത്തെ മറ്റു കേന്ദ്രങ്ങളിലും സംഘടിപ്പിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സോഫ്റ്റ്വെയർ) ഡി.സി.എ (എസ്) കോഴ്സ് ഫെബ്രുവരി മാസം അവസാനവാരം ആരംഭിക്കുന്നു. കോഴ്സിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് ഫെബ്രുവരി 23 വരെ ഓൺലൈനായി അപേക്ഷിക്കാം. കോഴ്സ് സമയം, ഫീസ് തുടങ്ങിയ വിവരങ്ങൾ https://lbscetnre.kerala.gov.in ൽ ലഭിക്കും. ഫോൺ: 0471 2560333.

# റിപ്പബ്ളിക് ദിനാഘോഷം: തിരുവനന്തപുരത്ത് ഗവർണർ പതാക ഉയർത്തും

റിപ്പബ്ളിക് ദിനാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ രാവിലെ 9 ന് ദേശീയപതാക ഉയർത്തും. വിവിധ സേനാവിഭാഗങ്ങളുടെയും, എൻ.സി.സി യുടെയും അഭിവാദ്യം ഗവർണർ സ്വീകരിക്കും. തുടർന്ന് റിപ്പബ്ലിക് ദിന സന്ദേശം നൽകും. ഭാരതീയ വായുസേന ഹെലികോപ്റ്ററിൽ പുഷ്പവൃഷ്ടി നടത്തും. സെൻട്രൽ സ്റ്റേഡിയത്തിലെ ചടങ്ങിൽ ധനമന്ത്രി കെ. എൻ. ബാലഗോപാൽ ഗവർണർക്കൊപ്പം പങ്കെടുക്കും. കോവിഡ്19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷ പരിപാടികളിൽ പൊതുജനങ്ങൾക്കും കുട്ടികൾക്കും മുതിർന്ന പൗരൻമാർക്കും പ്രവേശനം ഉണ്ടായിരിക്കില്ല.

ജില്ലകളിൽ നടക്കുന്ന റിപ്പബ്ളിക് ദിന പരേഡിൽ മന്ത്രിമാർ അഭിവാദ്യം സ്വീകരിക്കും. കൊല്ലത്ത് ജെ. ചിഞ്ചുറാണിയും പത്തനംതിട്ടയിൽ അഡ്വ. ആന്റണിരാജുവും ആലപ്പുഴയിൽ പി. പ്രസാദും കൊട്ടയത്ത് വി. എൻ. വാസവനും ഇടുക്കിയിൽ റോഷി അഗസ്റ്റിനും എറണാകുളത്ത് പി. രാജീവും തൃശൂരിൽ കെ. രാധാകൃഷ്ണനും പാലക്കാട് കെ. കൃഷ്ണൻകുട്ടിയും മലപ്പുറത്ത് കെ. രാജനും കോഴിക്കോട് അഡ്വ. പി. എ. മുഹമ്മദ് റിയാസും വയനാട് അബ്ദുറഹിമാനും കണ്ണൂരിൽ എം. വി. ഗോവിന്ദൻ മാസ്റ്ററും കാസർകോട് അഹമ്മദ് ദേവർകോവിലും അഭിവാദ്യം സ്വീകരിക്കും.

# പ്രവേശന പരീക്ഷാ കമ്മിഷണറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടേഷൻ ഒഴിവുകൾ

തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മിഷണറുടെ കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസിറ്റന്റ്, അറ്റന്റർ, ഓഫീസ് അറ്റന്റന്റ് എന്നീ തസ്തികളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാർ സർവീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ തതുല്യ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. പ്രവേശന പരീക്ഷാ കമ്മിഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയ ശേഷം നിയമന നടപടികൾ സ്വീകരിക്കും.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഒരൊഴിവാണുള്ളത്. ശമ്പള സ്കെയിൽ: 27,90063,700. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം.

അറ്റന്റർ തസ്തികയിലും ഒരൊഴിവാണുള്ളത്. ശമ്പള സ്കെയിൽ: 26,50060,700. അറ്റന്റർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം.

ഓഫീസ് അറ്റൻഡന്റിന്റെ രണ്ട് ഒഴിവുണ്ട്. ശമ്പള സ്കെയിൽ: 23,00050,200. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം.

താത്പര്യമുള്ള ജീവനക്കാർ കെ.എസ്.ആർ144 അനുസരിച്ചുള്ള പ്രഫോർമയും, ബയോഡേറ്റയും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ മേലധികാരിയുടെ നോ ഒബ്ജഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരികൾ മുഖേന 2022 ഫെബ്രുവരി അഞ്ചിന് മുൻപ് പ്രവേശന പരീക്ഷാ കമ്മിഷണറുടെ കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ് (അഞ്ചാം നില) ശാന്തിനഗർ, തിരുവനന്തപുരം1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം.

# ദേശീയ ബാലികാദിനം ആചരിച്ചു

തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി വനിതാശിശുവികസന വകുപ്പുമായി സഹകരിച്ചു ദേശീയ ബാലികാദിനം ആചരിച്ചു. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയും സബ്ജഡ്ജുമായ കെ. വിദ്യാധരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വനിതാ ശിശുവികസന ഓഫീസർ എസ്. സബിനാ ബീഗം അധ്യക്ഷത വഹിച്ചു. 'കുട്ടികളും നിയമവും' എന്ന വിഷയത്തെ സംബന്ധിച്ച് തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് 1, സുമി പി. എസ് ക്ലാസ്സെടുത്തു. ജില്ലാശിശു സംരക്ഷണ ഓഫീസർ ചിത്രലേഖ എസ്. സ്വാഗതവും പൂജപ്പുര ചിൽഡ്രൻസ് ഹോം സൂപ്രണ്ട് ഷീജ നന്ദിയും പറഞ്ഞു. തിരുവനന്തപുരം, പൂജപ്പുര എസ്.ഒ.എസ് ഭവനുകൾ തിരുവനന്തപുരം, വെഞ്ഞാറമൂട് എന്നിവിടങ്ങളിലെ വിമൻ ആൻഡ് ചിൽഡ്രൻസ് ഹോമുകളിലെ അന്തേവാസികൾ എന്നിവർ ഓൺലൈനിലൂടെ കലാപരിപാടികൾ അവതരിപ്പിച്ചു.

# നെല്ലു സംഭരണം ഊർജ്ജിതമാക്കി സപ്ലൈകോ

പാലക്കാട്: ജില്ലയിൽ രണ്ടാംവിള കൊയ്ത്തു കഴിഞ്ഞ പ്രദേശങ്ങളിൽ നിന്ന് നെല്ലുസംഭരണം ഊർജ്ജിതമാക്കി സപ്ലൈകോ. ചിറ്റൂർ താലൂക്കിൽ നിന്നാണ് ഏറ്റവും കൂടുതൽ നെല്ല് (51,709.60 ടൺ) സംഭരിച്ചത്. രണ്ടാം സ്ഥാനം ആലത്തൂർ താലൂക്കിനാണ്. 44,524.68 ടൺ നെല്ല് ഇവിടെ നിന്നും സംഭരിച്ചു. പാലക്കാട് താലൂക്കിൽ നിന്നും 30,828.99 ടൺ നെല്ലും ഒറ്റപ്പാലം താലൂക്കിൽ നിന്നും 2031.46 ടൺ നെല്ലും പട്ടാമ്പി താലൂക്കിൽ നിന്നും 1815.29 ടണ്ണും മണ്ണാർക്കാട് നിന്നും 6.39 ടൺ നെല്ലുമാണ് ഇന്നലെ വരെ സംഭരിച്ചത്.

സംഭരണം തുടങ്ങി ആദ്യനാളുകളിലെ കണക്കാണിത്. ജില്ലയിൽ കൊയ്ത്തു തുടങ്ങിയിട്ട് ഒരാഴ്ച മാത്രമാണ് പിന്നിട്ടത്. കൂടുതൽ സ്ഥലത്ത് കൊയ്ത്ത് തുടങ്ങുന്നതോടെ സംഭരണം വർധിക്കുമെന്നും ഏഴ് ദിവസത്തിനുള്ളിൽ സംഭരിച്ച നെല്ലിന്റെ പണം എല്ലാവർക്കും നൽകുമെന്നും അധികൃതർ വ്യക്തമാക്കി. ഒന്നാം വിള നെൽ കർഷകർക്ക് സംഭരിച്ച നെല്ലിന്റെ വില പൂർണമായും നൽകുകയും ചെയ്തു. സംഭരണം നടത്തി 24 മണിക്കൂറിനകം തുക അനുവദിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഒറ്റപ്പാലം താലൂക്കിലെ 1197 പേരിൽ നിന്നും, പാലക്കാട് 11206, പട്ടാമ്പിയിൽ 469, മണ്ണാർക്കാട്ട് ആറ് കർഷകരിൽ നിന്നുമാണ് നെല്ല് സംഭരിച്ചതെന്ന് അധികൃതർ വ്യക്തമാക്കി. ജില്ലയിൽ രണ്ടാം വിള നെല്ല് സംഭരണം ഊർജ്ജിതമായി തുടരുകയാണ്. രണ്ടാംവിള നെല്ലുസംഭരണത്തിനായി ജില്ലയിൽ ഇതുവരെ രജിസ്റ്റർ ചെയ്തത് 17,541 കർഷകരാണ്.

# ലോകായുക്ത ഓർഡിനൻസിനെ ന്യായീകരിച്ച് സിപിഎം

തിരുവനന്തപുരം: ലോകായുക്തയുടെ പ്രസക്തി നഷ്ടമാക്കുന്ന ഓർഡിനൻസിന് മന്ത്രിസഭ അനുമതി നൽകിയതിനെ ന്യായീകരിച്ച് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ.

അപ്പീൽ അധികാരം പോലുമില്ലാത്ത ലോകായുക്താ വകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്നും ഇക്കാര്യം അഡ്വക്കേറ്റ് ജനറൽ നിയമോപദേശമായി നൽകിയതോടെയാണ് ഭേദഗതിക്ക് തീരുമാനമെടുത്തതെന്നും കോടിയേരി പറഞ്ഞു. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുഖ്യമന്ത്രിക്കും മന്ത്രി ആർ ബിന്ദുവിനും എതിരേ ഉയർന്ന പരാതി മൂലമാണ് ഭേദഗതി നിർദ്ദേശിച്ചതെന്ന ആരോപണം അദ്ദേഹം തള്ളി. മന്ത്രി ബിന്ദുവിനെതിരേ ഉയർന്ന പരാതിക്ക് മുൻപ് തന്നെ പഴയ അഡ്വക്കേറ്റ് ജനറൽ ഇത്തരമൊരു നിയമോപദേശം സമർപ്പിച്ചിരുന്നു.

പ്രതിപക്ഷ നേതാവിൻറെ വിമർശനത്തെയും അദ്ദേഹം തള്ളി. പ്രതിപക്ഷ നേതാവിനോട് ആലോചിച്ച് ഏതെങ്കിലും സർക്കാർ ഓർഡിനൻസ് ഇറക്കിയിട്ടുണ്ടോ എന്ന് കോടിയേരി ചോദിച്ചു.

തിരുവനന്തപുരം ജില്ലാ സമ്മേളനത്തോട് അനുബന്ധിച്ച് നടന്ന സമൂഹ തിരുവാതിരയെ പാർട്ടി നേതൃത്വം മുൻപ് തന്നെ തള്ളിപ്പറഞ്ഞതാണ്. തിരുവാതിരയ്ക്ക് ഉപയോഗിച്ച മുഖ്യമന്ത്രിയെ പുകഴ്ത്തിയ ഗാനം നേതൃത്വത്തിൻറെ അറിവോടെയല്ല.

പി.ജയരാജൻറെ വ്യക്തിപൂജ പ്രശ്നവും തിരുവാതിര ഗാനവും രണ്ടാണെന്നും ജയരാജൻ വ്യക്തിപൂജയെ തള്ളിപ്പറഞ്ഞില്ല എന്നതാണ് നടപടിക്ക് കാരണമായതെന്നും കോടിയേരി വ്യക്തമാക്കി.

# തെരഞ്ഞെടുപ്പുകളിൽ 75% വോട്ടർമാരുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന് ഉപരാഷ്ട്രപതി

തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ ജനപങ്കാളിത്തം ഉള്ളതാക്കാൻ അടുത്ത പൊതു തിരഞ്ഞെടുപ്പിൽ 75% പോളിങ് ഉറപ്പാക്കണമെന്ന് ഉപരാഷ്ട്രപതി ശ്രീ എം. വെങ്കയ്യ നായിഡു തിരഞ്ഞെടുപ്പ് കമ്മീഷനോടും പൗരന്മാരോടും അഭ്യർത്ഥിച്ചു. ഒരേസമയം തെരഞ്ഞെടുപ്പുകൾ നടത്തുന്നത് സംബന്ധിച്ച് അദ്ദേഹം സമവായം തേടുകയും ചെയ്തു.

ഇന്ന് 12ാമത് ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് നൽകിയ സന്ദേശത്തിൽ, ഒരു സമ്മതിദായകനും വോട്ടവകാശം വിനിയോഗിക്കാതിരിക്കരുതെന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ മത്സരാർത്ഥികളെ വിലയിരുത്തണമെന്നും ഉപരാഷ്ട്രപതി പൗരന്മാരോട് അഭ്യർത്ഥിച്ചു.

195152 കാലഘട്ടത്തിൽ ലോക്സഭയിലേക്കുള്ള ആദ്യ പൊതുതെരഞ്ഞെടുപ്പിൽ 44.87% പോളിംഗ് രേഖപ്പെടുത്തിയ ഇടത്തുനിന്നും, 2019 ൽ 17ാം ലോക്സഭയിലെക്ക് നടന്ന തെരഞ്ഞെടുപ്പിൽ എക്കാലത്തെയും ഉയർന്ന 67.40% പോളിങ് രേഖപ്പെടുത്തിയതായി നിരീക്ഷിച്ച ശ്രീ നായിഡു, വോട്ടിങ്ങിൽ 50 ശതമാനത്തോളം വർധനയുണ്ടായതിന് എല്ലാ പങ്കാളികളെയും അഭിനന്ദിച്ചു.

എല്ലാ തെരഞ്ഞെടുപ്പുകളിലും വോട്ടിംഗിൽ ക്രമാനുഗതമായ വർദ്ധന ഉറപ്പാക്കുക എന്നതാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുന്നിലുള്ള വെല്ലുവിളിയെന്ന് ശ്രീ നായിഡു ചൂണ്ടിക്കാട്ടി. 2009ലെ പൊതുതെരഞ്ഞെടുപ്പിൽ 58.21% ആയിരുന്ന വോട്ടിംഗ് ശതമാനത്തിൽ 8% വർധന രേഖപ്പെടുത്തി 2014ൽ 66.44% ആയും 2019ൽ 67.40% ആയും ഉയർന്നതായി അദ്ദേഹം പരാമർശിച്ചു.

70 വർഷത്തിനിടെ ആദ്യമായി, 2019 ലെ പൊതുതെരഞ്ഞെടുപ്പിൽ പുരുഷന്മാരേക്കാൾ, 0.17% സ്ത്രീകൾ കൂടുതൽ വോട്ട് ചെയ്തതിൽ ശ്രീ നായിഡു സന്തോഷം പ്രകടിപ്പിച്ചു.

# സിമെറ്റിൽ പ്രിൻസിപ്പൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (സിമെറ്റ്) യുടെ കീഴിലുള്ള നഴ്സിംഗ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ ഒരു വർഷത്തെ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. നിലവിൽ ഉദുമ നഴ്സിംഗ് കോളേജിൽ മാത്രമാണ് ഒഴിവുള്ളത്. മറ്റ് കോളേജുകളിൽ ഒഴിവുണ്ടാകുന്നമുറയ്ക്ക് ഈ ലിസ്റ്റിൽ നിന്ന് നിയമിക്കും.

എം.എസ്.സി നഴ്സിംഗിന് ശേഷം 15 വർഷത്തെ പ്രവർത്തിപരിചയം. ഇതിൽ 12 വർഷത്തെ അദ്ധ്യാപകപരിചയത്തിൽ കുറഞ്ഞത് 10 വർഷം കോളേജിയേറ്റ് പ്രോഗ്രാമിൽ പഠിപ്പിച്ചുള്ള പരിചയം. എം.ഫിൽ (നഴ്സിംഗ്)/ പി.എച്ച്.ഡി (നഴ്സിംഗ്)/ പബ്ലിക്കേഷൻ എന്നിവയാണ് യോഗ്യതകൾ. പരമാവധി പ്രായം 60 വയസ്സ്. ००.ശെലമ.സേലൃമഹമ.ഴീ.ശി ലെ റിക്രൂട്ട്മെന്റ് ഭാഗത്ത് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തി കാൻഡിഡേറ്റ് ലോഗിൻ വഴി ഫെബ്രുവരി അഞ്ച് വരെ അപേക്ഷ സമർപ്പിക്കാം. സിമെറ്റിന്റെ വെബ് സൈറ്റിൽ (००.ശെലമ.സേലൃമഹമ.ഴീ.ശി, ००.ശെലമ.ശി) നിന്ന് ലഭിക്കുന്ന ചെലാൻ പൂരിപ്പിച്ച് ഏതെങ്കിലും എസ്.ബി.ഐ ശാഖയിൽ 1,000 രൂപ അടച്ചതിന്റെ രസീത് (രമിറശറമലേ രീു്യ) (എസ്.സി/ എസ്.റ്റി വിഭാഗത്തിന് 500 രൂപ), ഒപ്പ് രേഖപ്പെടുത്തിയ അപേക്ഷ (വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്നതാണ്), ബയോഡേറ്റ, വയസ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ബി.എസ്സി നഴ്സിംഗ്, എം.എസ്സി നഴ്സിംഗ് ഡിഗ്രി സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ, സാധുവായ കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ (അഡീഷണൽ ക്വാളിഫിക്കേഷൻ രജിസ്ട്രേഷൻ ഉൾപ്പെടെ) എന്നിവയുടെ പകർപ്പുകൾ സഹിതം പൂരിപ്പിച്ച അപേക്ഷകൾ ഡയറക്ടർ, സിമെറ്റ്, പാറ്റൂർ, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ ഫെബ്രുവരി 10 നകം അയയ്ക്കണം. ശമ്പളം 64,140 രൂപ. വിശദവിവരങ്ങൾക്ക്: 04712302400,

# പൊതുവിദ്യാഭ്യാസ മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക് എസ്.സി.ഇ.ആർ.ടി അംഗീകാരം നൽകുന്നു

പൊതുവിദ്യാഭ്യാസ മേഖലയിൽ അക്കാദമിക മികവ് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്ന മികച്ച വിദ്യാഭ്യാസ മാതൃകകൾ കണ്ടെത്തി അംഗീകാരം നൽകുന്നതിനും അവ വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതിയുമായി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി). പ്രീപ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവർ നടപ്പിലാക്കിയതോ നടപ്പിലാക്കി വരുന്നതോ ആയ നൂതന അക്കാദമിക പദ്ധതികൾ ഇതിൽ ഉൾപ്പെടുത്താം. വിദ്യാഭ്യാസ ഗുണമേൻമ വർദ്ധിപ്പിക്കൽ, അക്കാദമിക മികവ്, വിവിധ പഠനപരിപോഷണ പദ്ധതികൾ, അക്കാദമിക വിലയിരുത്തൽ തുടങ്ങിയവയിലെ മികച്ച മാതൃകകളാണ് എസ്.സി.ഇ.ആർ.ടി അന്വേഷിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഇവ വിശദമായ ഡോക്യുമെന്റേഷനിലൂടെ വ്യാപനത്തിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കും.

പദ്ധതികളും വിശദാംശങ്ങളും ഉൾപ്പെടുന്ന (ചിത്രങ്ങൾ, ഡിജിറ്റൽ രേഖകൾ ഉൾപ്പടെ) നോമിനേഷനുകൾ സ്കൂൾ മേലധകാരിയുടെ സാക്ഷ്യപത്രത്തോടെ ജനുവരി 31നകം ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, പൂജപ്പുര, തിരുവനന്തപുരം695012 എന്ന വിലാസത്തൽ സമർപ്പിക്കണം. നോമിനേഷനുകൾ sc-e-trr-e-se-ar-c-h@gm-a-i-l.com എന്ന ഇമെയിലിലേക്കും അയക്കാം.

# നഗരമാലിന്യ സംസ്കരണം ഉറപ്പാക്കാൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി ഊർജ്ജിതപ്പെടുത്തും

തിരുവനന്തപുരം: സംസ്ഥാനത്തെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളായ മാലിന്യ സംസ്കരണവും സാനിറ്റേഷൻ പ്രശ്നങ്ങളും ശാശ്വതമായി പരിഹരിക്കുന്നതിന് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

മാലിന്യ നിർമ്മാർജ്ജനത്തിനായി നഗരസഭകൾക്ക് ആവശ്യമായ മാനവ വിഭവശേഷിയും സാങ്കേതിക വിദ്യകളും ഉപദേശ നിർദേശങ്ങളും നൽകി ചുമതലകൾ നിർവഹിക്കാൻ നഗരസഭകളെ പ്രാപ്തമാക്കാൻ ഈ പദ്ധതിയിലൂടെ കഴിയും. വികേന്ദ്രീകൃതവും കേന്ദ്രീകൃതവുമായ ഖരമാലിന്യ പരിപാലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാണ് പദ്ധതി മുന്നോട്ടുപോവുന്നത്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യമുള്ള സാങ്കേതിക വിദഗ്ധരുടെ സേവനം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ തലങ്ങളിലും ഉറപ്പാക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

ലോകബാങ്ക് സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഏഷ്യൻ ഇൻഫ്രസ്ട്രക്ചർ ഇൻവെസ്റ്റ് ബാങ്കും സഹകരിക്കുന്നുണ്ട്. പദ്ധതിയുടെ അടങ്കൽതുകയായ 2100 കോടിയുടെ 50 ശതമാനവും നഗരസഭകൾക്ക് നേരിട്ട് ലഭ്യമാവും. അതിന്റെ 40 ശതമാനം നഗരസഭകൾക്ക് കൈമാറാനുള്ള പ്രാരംഭനടപടികളുമായി മുന്നോട്ടു പോവുകയാണ്. പദ്ധതിയുടെ ഭാഗമാകാൻ സന്നദ്ധത അറിയിച്ചുകൊണ്ട് 93 നഗരസഭകളും ശുചിത്വമിഷനുമായി ഉടമ്പടി കരാറിൽ ഏർപ്പെട്ടുകഴിഞ്ഞുവെന്ന് മന്ത്രി വ്യക്തമാക്കി. പദ്ധതിയുടെ ഭാഗമായി എല്ലാ നഗരങ്ങൾക്കും അഞ്ചുവർഷത്തെ ഖരമാലിന്യ പരിപാലന പദ്ധതികൾ തയ്യാറാക്കാനുള്ള സഹായവും ബഹുവർഷ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ ആവശ്യമായ ഉപദേശങ്ങളും നൽകുമെന്ന് മന്ത്രി അറിയിച്ചു.

പാരിസ്ഥിതിക സാമൂഹിക ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ട് പരിസ്ഥിതിക്ക് യാതൊരുവിധ ആഘാതവുമുണ്ടാക്കാതെയാണ് പദ്ധതി നടപ്പിലാക്കുക. വികേന്ദ്രീകൃത കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി മേഖലാ തലത്തിൽ സൃഷ്ടിക്കുന്ന കേന്ദ്രീകൃത മാലിന്യ പരിപാലന കേന്ദ്രങ്ങളുടെയും സാനിറ്ററി ലാൻഡ്ഫിൽ സൈറ്റുകളുടേയും നിർമ്മാണ മേൽനോട്ട ചുമതലകൾ ശുചിത്വ മിഷനായിരിക്കുമെന്ന് മന്ത്രി വ്യക്തമാക്കി. ഇതിന്റെ ഭാഗമായി എല്ലാ നഗരങ്ങളിലും മാലിന്യ ബാങ്കുകളും വേസ്റ്റ് ട്രേഡ് സെന്ററുകളും ആരംഭിക്കും. ഇ വേസ്റ്റ്, കെട്ടിടങ്ങൾ പൊളിക്കുമ്പോഴുള്ള മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യാനും സംവിധാനമൊരുക്കും. നഗരങ്ങളിലെ മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ വർഷങ്ങളായി സംസ്കരിക്കാതിരിക്കുന്ന ജൈവഅജൈവ മാലിന്യങ്ങൾ ബയോമൈനിംഗ് നടത്തി സംസ്കരിക്കും. കൊച്ചി ബ്രഹ്മപുരത്ത് ഇതിന്റെ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ മോഡൽ തുമ്പൂർമുഴി മാലിന്യ പരിപാലന സംവിധാനം പോലുള്ള മാതൃകകൾ വ്യാപിപ്പിക്കുകയും ചെയ്യുമെന്ന് മന്ത്രി പറഞ്ഞു. വരുന്ന മാർച്ച് മാസത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതി പൂർണ്ണസജ്ജമായി പ്രവർത്തിക്കുമെന്നും മാലിന്യമുക്ത കേരളമെന്ന ലക്ഷ്യം വൈകാതെ കൈവരിക്കുമെന്നും മന്ത്രി പ്രസ്താവനയിൽ പറഞ്ഞു.

# കോവിഡ് കാലത്ത് ഗുജറാത്തികൾ വിറ്റഴിച്ചത് 28 മെട്രിക് ടൺ സ്വർണം

അഹമ്മദാബാദ്: കോവിഡ്19 വ്യാപനം രൂക്ഷമായതിന് ശേഷം ഗുജറാത്തികൾ വിറ്റഴിച്ചത് 28 മെട്രിക് ടൺ സ്വർണം. അടിയന്തര ആവശ്യങ്ങളും മെഡിക്കൽ കേസുകളും മുന്നിൽ കണ്ടാണ് ആളുകൾ സ്വർണം പണമാക്കി മാറ്റിയതെന്ന് ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തു.

2020 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെയുള്ള കോവിഡ് കാലഘട്ടത്തിൽ ഇന്ത്യയിൽ നിന്നെത്തിയത് 142 മെട്രിക് ടൺ സ്വർണമാണെന്ന് വേൾഡ് ഗോൾഡ് കൗൺസിൽ വ്യക്തമാക്കുന്നു

'കോവിഡ് പകർച്ചവ്യാധി തുടങ്ങിയതിനു ശേഷം വ്യാപാര വ്യവസായ മേഖലകളിൽ തിരിച്ചുവരവ് അസാധ്യമായി. ഐടി, ഇ കൊമേഴ്സ് പോലുള്ള വിഭാഗങ്ങളിൽ മാത്രമാണ് അൽപമെങ്കിലും വളർച്ചയുണ്ടായത്. എന്നാൽ മറ്റു നിർമാണ മേഖലകളിൽ തൊഴിലാളികളുടെ ശമ്പളം പോലും മുടങ്ങിപ്പോയി. ചെറുകിട കച്ചവടക്കാർക്കെല്ലാം കട പൂട്ടി മറ്റു ജോലി നോക്കേണ്ടിവന്നു. കടം വീട്ടാനും വീട്ടിലേക്ക് അത്യാവശ്യ സാധനങ്ങൾ വാങ്ങാനും അടിയന്തര ഘട്ടങ്ങൾ നേരിടാനും ആളുകൾ സൂക്ഷിച്ചു വെച്ചിരുന്ന സ്വർണമെല്ലാം വിറ്റു.' ഇന്ത്യ ബുള്ളിയൻ ആന്റ് ജ്വല്ലേഴ്സ് അസോസിയേഷൻ ഡയറക്ടർ ഹരേഷ് ആചാര്യ വ്യക്തമാക്കുന്നു.

കോവിഡ് രണ്ടാം തരംഗത്തിൽ പലർക്കും വീട്ടിലെ ഗൃഹനാഥനെ നഷ്ടപ്പെട്ടതോടെ വരുമാനവും നിലച്ചു. ഇതോടെ പണത്തിന്റെ ആവശ്യത്തിന് സ്വർണം വിൽക്കുകയല്ലാതെ മറ്റു മാർഗങ്ങളില്ലാതെയായി. പലരും കോവിഡ് പോസിറ്റീവ് ആയ ശേഷമുള്ള ചികിത്സയ്ക്കായും ഭക്ഷണത്തിനുമായാണ് സ്വർണം വിറ്റത്.

# വനിതാരത്ന പുരസ്കാരത്തിന് അപേക്ഷിക്കാം

വിവിധ മേഖലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച വനിതകൾക്കായി സർക്കാർ നൽകുന്ന വനിതാരത്ന പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം.

സാമൂഹ്യ സേവനം, കായികരംഗം, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത, സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം, വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര സാങ്കേതിക മേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ച വനിത എന്നീ മേഖലകളിലാണ് അവാർഡ് നൽകുന്നത്. തങ്ങളുടെ മേഖലകളിൽ കാഴ്ചവെച്ചിട്ടുള്ള വ്യത്യസ്തവും നൂതനവുമായ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, പുരസ്ക്കാരങ്ങൾ എന്നിവയെ സംബന്ധിച്ച വിശദവിവരങ്ങൾ, രേഖകൾ, ഹ്രസ്വചിത്രീകരണം, പുസ്തകം, സിഡി, ഫോട്ടോ, പത്രക്കുറിപ്പ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കാം. നിർദ്ദിഷ്ട മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും അനുബന്ധരേഖകളും ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് ഫെബ്രുവരി 15 നകം നൽകണം. മറ്റ് വ്യക്തികൾക്കോ സംഘടനകൾക്കോ ശുപാർശയായും അപേക്ഷ നൽകാം. അവാർഡ് തുകയായി ഓരോ ലക്ഷം രൂപ വീതവും, ശില്പവും പ്രശസ്തി പത്രവും നൽകും. അവാർഡിന്റെ വിശദവിവരങ്ങൾ www.w-c-d.k-er-a-l-a.gov.in ലും ജില്ലാ വനിതാ ശിശു വികസന ഓഫീസിലും ലഭിക്കും.

# കൈമനം വനിതാ പോളിടെക്നിക്കിൽ വിവിധ കോഴ്സുകൾ

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ), ഡെസ്ക് ടോപ് പബ്ലിഷിംഗ് (ഡി.റ്റി.പി), ഡേറ്റ എൻട്രി, ഓട്ടോ കാഡ്, ടാലി ബ്യൂട്ടീഷ്യൻ എന്നീ കോഴ്സുകളുടെ പുതിയ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. ആൺകുട്ടികൾക്കും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് 04712490670.

# ലോകായുക്തയുടെ ചിറകരിയുന്നത് തിരിച്ചടി ഭയന്ന്: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: ലോകായുക്തയെ നോക്കുകുത്തിയാക്കാനുള്ള സർക്കാർ ഓർഡിനൻസിനെതിരേ വിമർശനവുമായി മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. മുഖ്യമന്ത്രിക്കും മന്ത്രിക്കുമെതിരായ കേസിൽ കനത്ത തിരിച്ചടിയുണ്ടാകുമെന്ന് ഭയന്നാണ് സർക്കാർ ലോകായുക്തയുടെ ചിറകരിയുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

ലോകായുക്തയുടെ ആവശ്യകതപോലും ഇല്ലാതാക്കുന്ന ഓർഡിനൻസ് സർക്കാർ പിൻവലിക്കണം. കെ റെയിൽ പോലുള്ള ജനവിരുദ്ധ പദ്ധതികളെക്കുറിച്ചും ലോകായുക്തയ്ക്ക് മുന്നിൽ പരാതി എത്തിയിട്ടുണ്ട്. ഈ കേസുകളിലും സർക്കാർ തിരിച്ചടി ഭയക്കുന്നുണ്ടെന്നും ഉമ്മൻ ചാണ്ടി വ്യക്തമാക്കി.

# റിപ്പബ്ലിക് ദിനാശംസകൾ നേർന്ന് രാഷ്ട്രപതി



ന്യൂഡൽഹി: റിപ്പബ്ലിക് ദിനാശംസകൾ നേർന്ന് രാഷ്ട്രപതി രാംനാഥ് കോവിന്ദ്. ഒരു രാഷ്ട്രമെന്ന നിലയിലുള്ള ഒത്തൊരുമയാണ് എല്ലാ വർഷവും റിപ്പബ്ലിക് ദിനമായി ആഘോഷിക്കുന്നതെന്നും ഈ അവസരത്തിൽ സ്വാതന്ത്ര സമരസേനാനികളെ ഓർക്കാമെന്നും രാഷ്ട്രപതി പറഞ്ഞു.

ഏറ്റവും കഠിനമായ ഘട്ടത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നത്. ലോകമെമ്പാടും കോവിഡ് ഭീതിവിതച്ചിരിക്കുന്ന സാഹചര്യത്തിൽ ഒറ്റക്കെട്ടായി അതിനെ നേരിടണമെന്നും രാഷ്ട്രപതി പറഞ്ഞു.

കോവിഡ് മഹാമാരി ഈ വർഷത്തെ റിപ്പബ്ലിക്ക് ദിന ആഘോഷങ്ങൾ നിശബ്ദമാക്കിയേക്കാം. എന്നാൽ ആത്മാവ് എന്നത്തേയും പോലെ ശക്തമാണ്. ഇപ്പോൾ നേരിടുന്നത് പോലെ ഒരു പ്രതിസന്ധി കാലഘട്ടം ലോകത്തിന് മുമ്പ് നേരിടേണ്ടി വന്നിട്ടില്ല.

രണ്ട് വർഷത്തിലേറെയായി മനുഷ്യരാശി കൊറോണ വൈറസുമായി പോരാടുകയാണ്. ലക്ഷക്കണക്കിന് ജീവനുകൾ നഷ്ടപ്പെടുകയും അതിൻറെ ആഘാതത്തിൽ ലോക സമ്പദ്വ്യവസ്ഥ ആടിയുലയുകയും ചെയ്തു. കോവിഡിൻറെ പുതിയ വകഭേദങ്ങളുടെ വ്യാപനം പുതിയ പ്രതിസന്ധികൾ സൃഷ്ടിക്കുകയാണെന്നും രാഷ്ട്രപതി വ്യക്തമാക്കി.

ഹിമാലയത്തിലെ അസഹ്യമായ തണുപ്പിലും മരുഭൂമിയിലെ അസഹനീയമായ ചൂടിലും കുടുംബത്തിൽ നിന്ന് അകന്ന് രാജ്യത്തെ സൈനികർ മാതൃരാജ്യത്തിന് കാവൽ തുടരുന്നു. അതിർത്തികൾ സുരക്ഷിതമാക്കുന്ന സായുധ സേനയുടെയും ആഭ്യന്തര സുരക്ഷ കാത്തുസൂക്ഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെയും നിരന്തരമായ ജാഗ്രത മൂലമാണ് നമ്മുടെ പൗരന്മാർ സമാധാന ജീവിതം ആസ്വദിക്കുന്നത്. ധീരനായ ഒരു സൈനികൻ ഡ്യൂട്ടിക്കിടെ വീരമൃത്യു വരിക്കുമ്പോൾ രാജ്യം മുഴുവൻ ദുഃഖത്തിലാകുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു.

# റിപ്പബ്ലിക് ദിനഘോഷം; ഡൽഹിയിൽ കനത്ത സുരക്ഷ

ന്യൂഡൽഹി: എഴുപത്തി മൂന്നാം റിപ്പബ്ലിക് ദിനത്തോട് അനുബന്ധിച്ച് ഡൽഹിയിൽ കനത്ത സുരക്ഷ. നഗരത്തിലെ ഓരോ മൂലയും പരിശോധിക്കുകയാണെന്നും പരേഡ് നീങ്ങുന്ന റൂട്ടിലെ സിസിടിവികൾ സസൂഷമം നിരീക്ഷിക്കുന്നുണ്ടെന്നും സെൻട്രൽ ഡിസിപി ശ്വേത ചൗഹാൻ പറഞ്ഞു.

സുരക്ഷയ്ക്കായി ഡൽഹിയിൽ നിയോഗിച്ചിരിക്കുന്നത് 27,000 പോലീസുകാരെയാണ്. 71 ഡിസിപിമാരെയും 213 എസിപി റാങ്കിലുള്ളവരെയും ഡൽഹിയിൽ സുരക്ഷാ ചുമതലയിൽ വിന്യസിച്ചിട്ടുണ്ട്.

സായുധ പോലീസ്, കമാൻഡോകൾ, സിഎപിഎഫിൻറെ 65 കന്പനികൾ എന്നിവരെയും രാജ്യതലസ്ഥാനത്തു സുരക്ഷയൊരുക്കാൻ നിയോഗിച്ചതായി ഡൽഹി പോലീസ് കമ്മീഷണർ രാകേഷ് അസ്താന അറിയിച്ചു.

രാജ്യത്തെ സുരക്ഷാ ഏജൻസികളുമായി ചേർന്ന് രണ്ടു മാസത്തിനിടെ ഭീകരവിരുദ്ധ നടപടികൾ ശക്തിപ്പെടുത്തിയതായും അദ്ദേഹം മാധ്യമങ്ങളെ അറിയിച്ചു.

അതേസമയം, റിപ്പബ്ലിക് ദിന ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിന് 15 വയസിൽ താഴെയുള്ള കുട്ടികൾക്ക് പ്രവേശനമില്ലെന്ന് ഡൽഹി പോലീസ് മാർഗനിർദേശം പുറത്തിറക്കി.

പരിപാടിയിൽ പങ്കെടുക്കുന്ന 15 വയസിന് മുകളിലുള്ള എല്ലാവരും നിർബന്ധമായും രണ്ടു ഡോസ് വാക്സിനുകളും സ്വീകരിച്ചിരിക്കണം. പരിപാടിയിൽ പങ്കെടുക്കാൻ വരുന്നവർ വാക്സിനേഷൻ സർട്ടിഫിക്കറ്റ് കൈയിൽ കരുതണം.



# യുക്രെയ്ൻ അതിർത്തിയിൽ റഷ്യൻ സൈനികാഭ്യാസം

കീവ്: യുക്രെയ്നിലെ റഷ്യൻ നിയന്ത്രിത പ്രദേശമായ ക്രിമിയയിലും അതിർത്തിയിലും റഷ്യ സൈനികാഭ്യാസം തുടങ്ങി. ആറായിരത്തോളം സൈനികരും അറുപതു യുദ്ധവിമാനങ്ങളും അഭ്യാസത്തിൽ പങ്കെടുക്കുന്നുണ്ട്. യുദ്ധവിന്യാസം അടക്കമുള്ളവയും വെടിവയ്പും നടത്തിയാണു സൈന്യം അഭ്യാസപ്രകടനം നടത്തുന്നത്. യുദ്ധവിമാനങ്ങളും ബോംബറുകളും ലക്ഷ്യസ്ഥാനത്തേക്കു ബോംബ് ആക്രമണം നടത്തിയെന്ന് റഷ്യൻ പ്രതിരോധമന്ത്രാലയത്തെ ഉദ്ധരിച്ച് വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു.

എത്ര ദിവസത്തേക്കാണു സൈനികാഭ്യാസമെന്ന് അറിയിപ്പൊന്നും പുറത്തുവിട്ടില്ല.

ഇതിനിടെ, 8,500 സൈന്യത്തെ നാറ്റോ സഖ്യത്തിനൊപ്പം യൂറോപ്പിൽ വിന്യസിക്കാൻ യുഎസ് തീരുമാനിച്ചു. യൂറോപ്പിലേക്കു പുറപ്പെടാൻ പെൻറൺ സൈന്യത്തിനു നിർദേശം നൽകി. യൂറോപ്യൻ നേതാക്കളുമായി സംസാരിച്ച യുഎസ് പ്രസിഡൻറ് ജോ ബൈഡൻ, യുക്രെയ്ൻ പ്രതിസന്ധിയിൽ അമേരിക്കയുടെ സഹായം വാഗ്ദാനം ചെയ്തു. റഷ്യൻ പ്രസിഡൻറ് വ്ളാഡിമർ പുടിൻറെ പ്രതീക്ഷ തകിടം മറിയുമെന്നു ബൈഡൻ വ്യക്തമാക്കി.

യുക്രെയ്ൻ പ്രതിസന്ധി മറികടക്കേണ്ടത് നാറ്റോ സഖ്യത്തെപ്പോലെതന്നെ യുഎസിനും പ്രധാനമാണ്. യുഎസ് നേതൃത്വം നൽകുന്ന നാറ്റോ സഖ്യത്തിനെതിരേയാണ് റഷ്യ യുക്രെയ്നിൽ നീക്കം നടത്തുന്നത്. പുടിനെതിരേ യുറോപ്യൻ രാജ്യങ്ങളെ അണിനിരത്താൻ യുഎസ് പ്രസിഡൻറ് ജോ ബൈഡനു ലഭിക്കുന്ന അവസരം കൂടിയാണിത്.

8,500 സൈനികരെ കിഴക്കൻ യൂറോപ്പിൽ വിന്യസിക്കുമെന്ന് പെൻറഗൺ പ്രസ് സെക്രട്ടറി ജോൺ കിർബി പറഞ്ഞു. എന്നാൽ, യുക്രെയ്ൻ പിടിക്കാൻ നീക്കമൊന്നുമില്ലെന്നു റഷ്യ വീണ്ടും ആവർത്തിച്ചു. തങ്ങളുടെ മേൽ പഴിചാരി നാറ്റോ സഖ്യം പ്രകോപനം സൃഷ്ടിക്കുകയാണെന്നു റഷ്യ കുറ്റപ്പെടുത്തി.

യുക്രെയ്ൻ പ്രതിസന്ധിയിൽ പ്രസിഡൻറ് ജോ ബൈഡൻ യൂറോപ്യൻ നേതാക്കളുമായി 80 മിനിറ്റ് നീണ്ട വീഡിയോ കോൺഫറൻസിംഗ് ചർച്ച നടത്തി. കൂടിക്കാഴ്ചയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളൊന്നും വൈറ്റ് ഹൗസ് പുറത്തുവിട്ടില്ല.

യുക്രെയ്നിലെ യുഎസ് എംബസിയിലെ ജീവനക്കാരുടെ ബന്ധുക്കളോടു നാട്ടിലേക്കു മടങ്ങാൻ യുഎസ് ആവശ്യപ്പെട്ടു. എന്നാൽ, അമേരിക്കയുടെ തീരുമാനം ബാലിശമാണെന്നും ഇതു ഭീതിക്കു കാരണമാകുമെന്നും യുക്രെയ്ൻ വിദേശകാര്യമന്ത്രാലയം വക്താവ് ഓലെഗ് നിക്കോളങ്കോ പറഞ്ഞു. യുക്രെയ്ൻ അസ്ഥിരമാണെന്നു വരുത്തിത്തീർക്കാനുള്ള റഷ്യയുടെ ശ്രമങ്ങൾക്ക് ഇതു സഹായകമാകുകയുള്ളൂയെന്നും അദ്ദേഹം പറഞ്ഞു.

എംബസി ജീവനക്കാരെ പിൻവലിക്കാൻ യുകെയും ഉത്തരവ് ഇട്ടിരുന്നു. റഷ്യയുടെ കടന്നുകയറ്റം അനുവദിക്കില്ലെങ്കിലും റഷ്യ കടന്നുകയറാൻ ശ്രമിക്കുന്നതായാണ് ഇൻറലിജൻസ് വിവരമെന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൻ പറഞ്ഞു.

യുക്രെയ്നിൽ യുഎസ് നേരിട്ട് സൈനിക നടപടി സ്വീകരിക്കില്ലെന്നും നാറ്റോ സഖ്യത്തിൻറെ ഭാഗമായിരിക്കുമെന്നും പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിൻ പറഞ്ഞു.

ഡെൻമാർക്ക്, ലിത്വാനിയ, സ്പെയിൻ, ബൾഗേറിയ, ഫ്രാൻസ്, റൊമാനിയ രാജ്യങ്ങൾ നാറ്റോ സഖ്യത്തിലേക്ക് സൈന്യത്തെയും യുദ്ധവിമാനങ്ങളെയും അയച്ചിട്ടുണ്ട്. 2014 ൽ റഷ്യ ക്രിമിയ പിടിച്ചപ്പോൾ 20,000 ആയിരുന്ന നാറ്റോ സഖ്യത്തിൻറെ അംഗബലം. അതിനുശേഷം 40,000 ആയി ഉയർത്തി.

എന്നിരുന്നാലും ഒരു ലക്ഷത്തോളം സൈനികരെ റഷ്യ അതിർത്തിയിൽ വിന്യസിച്ചിട്ടുണ്ടെന്നാണു വിവരം. യുക്രെയ്നിലെ പ്രതിസന്ധിക്കു കാരണം യുഎസും നാറ്റോ സഖ്യവുമാണെന്ന് റഷ്യൻ വക്താവ് ദിമിത്രി പെസ്കോവ് ആരോപിച്ചു.

## പത്മ പുരസ്കാരം സ്വീകരിച്ചു; ഗുലാം നബിക്കെതിരെ വിമർശനവുമായി ജയറാം രമേശ്

ന്യൂഡൽഹി: പത്മ പുരസ്കാരം സ്വീകരിച്ച കോൺഗ്രസ് നേതാവ് ഗുലാംനബി ആസാദിനെതിരെ പരോക്ഷ വിമർശനവുമായി മുതിർന്ന നേതാവ് ജയറാം രമേശ്. പത്മപുരസ്കാരം നിരസിച്ചതിലൂടെ ബംഗാൾ മുൻ മുഖ്യമന്ത്രിയും സിപിഎം നേതാവുമായ ബുദ്ധദേബ് ഭട്ടാചാര്യ ചെയ്തത് ഉചിതമായ കാര്യമെന്ന് ജയറാം രമേശ് പറഞ്ഞു. ബുദ്ധദേബ് അടിമയാവാനല്ല സ്വതന്ത്രനാവാനാണ് ആഗ്രഹിക്കുന്നതെന്നും ജയറാം രമേശ് ട്വീറ്റ് ചെയ്തു.

അതേസമയം, ബുദ്ധദേവ് ഭട്ടാചാര്യ! പദ്മഭൂഷൺ പുരസ്കാരവും ഗായിക സന്ധ്യ മുഖാപോധ്യായ പത്മശ്രീ പുരസ്കാരവുമാണ് നിരസിച്ചത്. പാർട്ടിയുമായി ആലോചിച്ചാണ് തീരുമാനമെന്നും പത്മഭൂഷൺ ബഹുമതിക്കായി തൻറെ പേര് ആരെങ്കിലും നൽകിയതായി അറിയില്ലെന്നും ബുദ്ധാദേവ് പ്രതികരിച്ചു. പുരസ്കാരം തനിക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ അത് നിരസിക്കുകയാണെന്നും ബുദ്ധദേവ് ഭട്ടാചാര്യ വ്യക്തമാക്കിയിരുന്നു.

## കാറപകടം: ഏഴ് എംബിബിഎസ് വിദ്യാർഥികൾ മരിച്ചു

വാർധ: മഹാരാഷ്ട്രയിൽ കാറപകടത്തിൽ ഏഴ് എംബിബിഎസ് വിദ്യാർഥികൾ മരിച്ചു. വാർധ ജില്ലയിലെ സെൽസുര ഗ്രാമത്തിലായിരുന്നു അപകടം. വിദ്യാർഥികൾ സഞ്ചരിച്ചിരുന്ന കാർ പാലത്തിൽനിന്നു താഴേക്കു പതിക്കുകയായിരുന്നു. ഏഴു വിദ്യാർഥികളു സംഭവസ്ഥലത്തുതന്നെ മരിച്ചു.

വാർധയ്ക്കു സമീപം സാവൻഗിയിലെ ജവഹർലാൽ നെഹ്റു മെഡിക്കൽ കോളജിലെ വിദ്യാർഥികളാണിവർ. ഒരു വിദ്യാർഥിയുടെ ജന്മദിനാഘോഷത്തിൽ പങ്കെടുത്തശേഷം മടങ്ങവെയായിരുന്നു അപകടം.

ആവിഷ്കാർ രഹാംഗഡലെ, നീരജ് ചൗഹാൻ, പ്രത്യുഷ് സിംഗ്, ശുഭം ജയ്സ്വാൾ(മൂവരും യുപി സ്വദേശികൾ), വിവേക് നന്ദൻ, പവൻ ശക്തി(ഇരുവരും ബിഹാർ സ്വദേശികൾ), നിതീഷ് കുമാർ സിംഗ്(ഒഡീഷ) എന്നിവരാണു മരിച്ചത്.

## റേഷൻ കടകൾക്ക് ഇനി പുതിയ സമയക്രമം; 27 മുതൽ നിലവിൽവരും

സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും റേഷൻ കടകളുടെ പ്രവർത്തന സമയം പുനഃക്രമീകരിച്ചു. ഇ പോസ് യന്ത്രം സെർവർ തകരാർ മൂലം റേഷൻ വിതരണം താളംതെറ്റിയിരുന്നു. സെർവറിന് ശേഷിയില്ലാത്തതായിരുന്നു പ്രശ്നം. ഒരാഴ്ചയിലധികമായി റേഷൻ കടകളുടെ പ്രവർത്തന സമയം പകുതി ജില്ലകൾ വീതം രാവിലെയും ബാക്കി ജില്ലകൾക്ക് വൈകിട്ടുമായി ക്രമീകരിച്ചിരിക്കുകയാണ്.

സെർവർ പ്രശ്നം പരിഹരിച്ചുവെന്ന് ഉദ്യോഗസ്ഥർ മന്ത്രി ജി. ആർ അനിലിനെ അറിയിച്ചിരുന്നു. തുടർന്ന് വിദഗ്ധരുമായി കൂടിയാലോചിച്ച ശേഷമാണ് സമയം വീണ്ടും പുനഃക്രമീകരിച്ചത്. രാവിലെ 8.30 മുതൽ 12.30 വരെയും ഉച്ചയ്ക്ക് ശേഷം 3.00 മുതൽ 6.30 വരെയും എന്ന രീതിയിലാണ് പുനഃക്രമീകരിച്ചിരിക്കുന്നത്. റിപ്പബ്ലിക് ദിനത്തിൽ റേഷൻ കടകൾക്ക് അവധി ആ!യതിനാൽ 27 മുതൽ പുതിയ സമയക്രമം നിലവിൽവരും.

# ഗൂഡാലോചന കേസ്: ചോദ്യം ചെയ്യൽ പൂർത്തിയായി; വിശദമായ റിപ്പോർട്ട് ഹൈക്കോടതിയിൽ ഹാജരാക്കണം

കൊച്ചി: നടൻ ദിലീപ് ഉൾപ്പെടെയുള്ളവരെ മൂന്നാം ദിനവും ചോദ്യം ചെയ്തു. മൂന്ന് ദിവസത്തെ ചോദ്യം ചെയ്യലിൻറെ വിശദ വിവരങ്ങളും തെളിവുകളും ഉൾപ്പടെ വിശദമായ റിപ്പോർട്ട് അന്വേഷണ സംഘം ഹൈക്കോടതിയിൽ വ്യാഴാഴ്ച സമർപ്പിക്കണം.

അതേസമയം, ദിലീപിൻറെ വീട്ടിൽ നിന്നും പിടിച്ചെടുത്തത് പുതിയ ഫോൺ ആണെന്ന് അന്വേഷണ സംഘം അറിയിച്ചു. തെളിവുകൾ നശിപ്പിക്കാനാണ് ഫോൺ മാറ്റിയതെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി.

പോലീസ് റെയ്ഡിൽ പിടിച്ചെടുത്ത ചില ഡിജിറ്റൽ സാമഗ്രികളുടെ ഫൊറൻസിക് റിപ്പോർട്ട് ലഭിക്കാനുണ്ട്. ഇതുകൂടി ലഭിച്ച ശേഷമേ അന്വേഷണ പുരോഗതി വ്യക്തമാക്കാൻ സാധിക്കൂവെന്ന് ക്രൈംബ്രാഞ്ച് എസ്പി വ്യക്തമാക്കി. ദിലീപിനെയും കേസിലെ മറ്റ് പ്രതികളായ സഹോദരൻ അനൂപ്, സഹോദരി ഭർത്താവ് സൂരജ്, ബന്ധു അപ്പു, സുഹൃത്ത് ബൈജു എന്നിവരെ മൂന്ന് ദിവസം ചോദ്യം ചെയ്യാനാണ് ഹൈക്കോടതി അനുമതി നൽകിയത്.

# യുക്രെയ്ൻ: യുഎസും യുകെയും നയതന്ത്ര ഉദ്യോഗസ്ഥരെ പിൻവലിച്ചു

കീവ്: യുക്രെയ്നിൻറെ നിയന്ത്രണം റഷ്യ പിടിക്കുമെന്ന ആശങ്കയ്ക്കിടെ നയതന്ത്ര പ്രതിനിധികളെ ബ്രിട്ടൻ പിൻവലിച്ചു. റഷ്യൻ കടന്നുകയറ്റം ഏതുനിമിഷവും സംഭവിക്കാൻ സാധ്യതയുള്ളതിനാൽ എംബസി ജീവനക്കാരുടെ ബന്ധുക്കൾ യുക്രെയ്നിൽനിന്ന് മടങ്ങണമെന്നു യുഎസ് ഉത്തരവിട്ടു.

എന്നാൽ, സൈനിക നടപടി സ്വീകരിക്കില്ലെന്നു റഷ്യ വ്യക്തമാക്കി. എന്നിരുന്നാലും യുക്രെയ്നിലേക്ക് കടന്നുകയറാൻ സജ്ജമായി പതിനായിരക്കണക്കിനു പട്ടാളക്കാരെയാണു റഷ്യ അതിർത്തിയിൽ വിന്യസിച്ചിരിക്കുന്നത്.

നയതന്ത്ര ഉദ്യോഗസ്ഥരെ പിൻവലിക്കുന്നതു മുൻകരുതൽ നടപടിയുടെ ഭാഗമാണെന്നു യുകെ വെളിപ്പെടുത്തി. യുക്രെയ്ൻ എംബസിയിൽ അത്യാവശ്യമില്ലാത്ത ജീവനക്കാർ നാട്ടിലേക്കു മടങ്ങണമെന്ന് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, പൗരന്മാരെ ഒഴിപ്പിക്കുന്ന ഘട്ടത്തിലേക്കു സ്ഥിതിഗതികൾ എത്തിയിട്ടില്ലെന്നും യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് അറിയിച്ചു.

സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ യുക്രെയ്ൻ, റഷ്യ യാത്ര ഒഴിവാക്കണമെന്ന് യുഎസ് പൗരന്മാർക്കു നിർദേശം നൽകി. യൂറോപ്യൻ യൂണിയൻ നയതന്ത്രപ്രതിനിധികൾ യുക്രെയ്നിൽ സുരക്ഷിതരാണെന്ന് ഇയു വിദേശകാര്യ നയ വിഭാഗം മേധാവി ജോസപ് ബോറൽ പറഞ്ഞു.

ഇതിനിടെ, ഡെൻമാർക്ക്, നെതർലൻഡ്സ്, സ്പെയിൻ, ബൾഗേറിയ തുടങ്ങിയ നാറ്റോ സഖ്യ രാജ്യങ്ങൾ യുക്രെയ്നിലേക്ക് കുടുതൽ യുദ്ധവിമാനങ്ങളും യുദ്ധക്കപ്പലുകളും അയച്ചിട്ടുണ്ട്.

ഇതിനിടെ, എംബസി ജീവനക്കാരെയും ബന്ധക്കളെയും പിൻവലിച്ച യുകെ, യുഎസ് നടപടി ബാലിശമാണെന്ന് യുക്രെയ്ൻ പറഞ്ഞു. ശനിയാഴ്ച യുഎസിൽനിന്ന് വൻതോതിൽ പടക്കോപ്പുകൾ യുക്രെയ്നിൽ എത്തിയിട്ടുണ്ട്.

2014 ൽ റഷ്യ യുക്രെയ്നിലെ ക്രിമിയ പിടിച്ചെടുത്തിരുന്നു. ഇതിനെത്തുടർന്ന് രാജ്യത്തുണ്ടായ പ്രതിഷേധം റഷ്യൻ അനുകൂല പ്രസിഡൻറിനെ അധികാരത്തിൽനിന്നു നീക്കി. യുക്രെയ്നിൻറെ കിഴക്കൻ അതിർത്തി റഷ്യൻ അനുകൂല വിമതരുടെ കൈയിലാണ്. ഇവിടെയാണു രൂക്ഷമായ സംഘർഷം നടക്കുന്നത്. യുക്രെയ്നിലെ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ പുറത്താക്കി റഷ്യൻ അനുകൂല ഭരണകൂടത്തെ പ്രതിഷ്ഠിക്കുകയാണു റഷ്യൻ പ്രസിഡൻറ് പുടിൻറെ ലക്ഷ്യമെന്ന് യുകെ ഞായറാഴ്ച പറഞ്ഞിരുന്നു.

# കോവിഡിനെ പിടിച്ചുകെട്ടാൻ സാധിക്കും: ഡബ്ല്യുഎച്ച്ഒ മേധാവി

ജനീവ: കോവിഡ് 19 മഹാമാരി ഈ വർഷത്തോടെ നിയന്ത്രണത്തിലാക്കാൻ സാധിച്ചേക്കുമെന്നു ലോകാരോഗ്യ സംഘടനാ (ഡബ്ല്യുഎച്ച്ഒ) മേധാവി ടെഡ്രോസ് അഥാനോം ഗബ്രിയേസിസ്. ഓരോ 12 സെക്കൻഡിലും ലോകത്ത് ഒരാൾ കോവിഡ് മൂലം മരിക്കുന്നുണ്ട്. രാജ്യങ്ങൾ ഒറ്റക്കെട്ടായി, വാക്സിനിലൂടെയും ചികിത്സയിലൂടെയും രോഗ നിർണയത്തിലൂടെയും ഈ പ്രതിസന്ധി മറികടക്കാം.

ഈ വർഷം പകുതിയോടെ ജനസംഖ്യയിൽ 70 ശതമാനം പേർക്ക് വാക്സിൻ നൽകാനാണ് ലോകാരോഗ്യ സംഘടന അംഗരാജ്യങ്ങളോട് ആവശ്യപ്പെട്ടത്. 2021 അവസാനത്തോടെ 40 ശതമാനം പേർക്ക് വാക്സിൻ നൽകണമെന്ന് ലോകാരോഗ്യ സംഘടന 194 അംഗരാജ്യങ്ങളോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആഫ്രിക്കയിൽ 85 ശതമാനം പേരും ഒറ്റ ഡോസ് വാക്സിൻ പോലും സ്വീകരിച്ചിട്ടില്ല. വാക്സിൻ വിടവ് നികത്തിയാൽ മാത്രമേ മഹാമാരിയെ ഫലപ്രദമായി നേരിടാൻ സാധിക്കൂ. കഴിഞ്ഞയാഴ്ച ലോകത്ത് മൂന്നു സെക്കൻഡിനുള്ളിൽ 100 പേർ രോഗികളാവുകയും 12 സെക്കൻഡിനിടെ ഒരാൾ കോവിഡ് മൂലം മരിക്കുകയും ചെയ്തു. ഇതുവരെ 55 ലക്ഷം പേർ കോവിഡ് മൂലം ലോകത്ത് മരിച്ചു. കോവിഡിനൊപ്പം ജീവിക്കാൻ ലോകം പഠിക്കണമെന്നും ലോകാരോഗ്യ സംഘടനാ മേധാവി പറഞ്ഞു

# എട്ട് വയസുകാരിക്ക് പീഡനം; പ്രായപൂർത്തിയാകാത്തവർ പിടിയിൽ

ന്യൂഡൽഹി: എട്ടു വയസുകാരിയെ പീഡിപ്പിച്ച സംഭവത്തിൽ പ്രായപൂർത്തിയാകാത്ത രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തു. ഡൽഹിയിലാണ് സംഭവം.

11,12 വയസുള്ളവരാണ് അറസ്റ്റിലായത്. പീഡനത്തിൽ ഗുരുതര പരിക്കേറ്റ പെൺകുട്ടി ഐസിയുവിൽ ചികിത്സയിൽ കഴിയുകയാണ്. കേസിലെ പ്രതികൾക്കെതിരെ ഉടൻ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ഡൽഹി വനിതാ കമ്മീഷൻ പോലീസിന് നോട്ടീസ് അയച്ചിരുന്നു.

തിങ്കളാഴ്ച വൈകുന്നേരം പെൺകുട്ടി സുഹൃത്തുക്കളോടൊപ്പം കളിക്കാൻ വീട്ടിൽ നിന്ന് പുറത്തേക്ക് പോയിരുന്നു. എന്നാൽ പ്രദേശത്തെ 12 വയസുള്ള ആൺകുട്ടി കളിക്കാനെന്ന വ്യാജേന കുട്ടിയെ വീട്ടിലേക്ക് വിളിച്ചു വരുത്തി. തുടർന്ന് ഈ കുട്ടിയും സുഹൃത്തും ചേർന്ന് പെൺകുട്ടിയെ പീഡിപ്പിക്കുകയായിരുന്നു.

വീട്ടിൽ തിരിച്ചെത്തിയ പെൺകുട്ടി കഠിനമായ വയറുവേദനയാണെന്ന് വീട്ടുകാരോട് പറഞ്ഞു. തുടർന്ന് നടത്തിയ പരിശോധനയിൽ വലിയ രീതിയിൽ പരിക്കേറ്റ് രക്തസ്രാവമുള്ളതായി മാതാപിതാക്കൾ കണ്ടെത്തുകയായിരുന്നു. തുടർന്ന് ആശുപത്രിയിലേക്ക് പ്രവേശിപ്പിച്ചു.

പെൺകുട്ടിയുടെ അമ്മയുടെ പരാതി ലഭിച്ചതായും വൈദ്യപരിശോധന നടത്തിയതായും പോലീസ് പറഞ്ഞു. തട്ടിക്കൊണ്ടുപോകൽ, ബലാത്സംഗം, പോക്സോ നിയമം എന്നീ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിരിക്കുന്നത്.

# സ്കോളർഷിപ്പ്: തീയതി നീട്ടി

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി വിഭാഗങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർഥിനികൾക്ക് ജനസംഖ്യാനുപാതികമായി 202122 അദ്ധ്യയന വർഷത്തേക്ക് സി.എച്ച്. മുഹമ്മദ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റിനായി അപേക്ഷിക്കുന്നതിനുള്ള തീയതി നീട്ടി. അപേക്ഷകൾ 31 വരെ സ്വീകരിക്കും.

www.m-inor-tiyw-e-l-f-ar-e.k-er-a-l-a.gov.in വഴി ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക്: 0471 2300524.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.